[Mr. Kainikkara M. Padmanabha Pillai.]

pumped in, but that it is a thick solution of clay that is pumped in. During the months from Dhanu to Medom there is scarcity of water in these tanks and chals and when these are used for fishing purposes, the water in them becomes a very thick solution of mud. Thick solution that is pumped into the fields spreads in the field and dries up and cracks and the paddy spoiled.

MR. M. SIVATHANU PILLAI: Am I to understand that the mud is caused by silt dissolved in water? If that is so, it is manure.

MR. KAINIKKARA M. PADMANABHA PILLAI: It is not silt. It is pure clay lying at the bottom of the tank which is mixed up with the water. It is not silt at all and it is not manure.

MR. K. KUNJU PANIKKER: Sir, I wish to point out that the same trouble is felt in Mavelikara and Kartikapalli taluks also, especially in Kartikapalli taluk, as a result of the brackish water entering into such canals by the operation of the people who take canals on lease for the purpose of catching fish. They have no scruples to let in brackish water into the channels. That is an additional source of trouble to the cultivator. If this water goes to the paddy fields, all the seedlings will become dried up.

PRESIDENT: What is the suggestion the honourable member would like to make?

MR. K. KUNJU PANIKKER: The leasing process should be stopped and there should be no interference by such lessees who are generally fishermen.

MR. K. P. KOCHUKORA THARAKAN: പറവൂർ താലൂക്കിൽ ഗതാഗതത്തിനു ഉപയോഗിയ്ക്കുന്നതും കൃഷിക്കു് ഉപയുക്തവുമായ പല തോടുകളും മീൻപിടിക്കുന്നതിനുള്ള അവകാശം ഫിഷറിഡിപ്പാർട്ടുമെൻറിൽ നിന്നും മററുള്ളവക്കു് വിട്ടുകൊടുക്കുന്നതു കൊണ്ടു് സഞ്ചാരസൗകര്യമില്ലെന്നു മാത്രമല്ല അതു മൂലം വളരെ ഉപദ്രവങ്ങൾ ഉണ്ടാകയും ചെയ്യുന്നുണ്ടു്. കഴിഞ്ഞകൊല്ലം ഈസംഗതിയെപ്പററി അധികാരികളുടെ അടുക്കൽ പരാതിപറഞ്ഞിട്ടുള്ളതാണു്. എന്നിട്ടും അവർ കാര്യമായ യാതൊരു ശ്രദ്ധയും കാണിച്ചിട്ടില്ല. അതു കൊണ്ടു് പി. ഡബ്ളിയു. ഡി. ക്കാരുടെ കൈവശമിരിക്കുന്ന തോടുകൾ, ചാലുകൾ മുതലായവ ഫിഷറിഡിപ്പാർട്ടുമെൻറിൽ നിന്നും മീൻപിടുത്തത്തിനായി ലേലംചെയ്തുകൊടുക്കുന്നതിനെ ഗവണ്മെൻറു് തടയേണ്ടതാണു്. ഈ സംഗതി ഒന്നുകിൽ പി. ഡബ്ളിയു. ഡി. ക്കാർക്കുതന്നെ കൊടുക്കണം. അല്ലെങ്കിൽ ഈ തോടുകൾ, ചാലുകൾ മുതലായവയുടെ സംരക്ഷണാവകാശം ഫിഷറിഡിപ്പാർട്ടുമെൻറുകാരുടെ അധികാരത്തിൽ വിട്ടുകൊടുക്കണം. ഇപ്പോൾ ഇതുനിമിത്തം ഏതെങ്കിലും കൃഷിക്കാർക്കു് ഉപദ്രവമുണ്ടാകുന്നതായി കണ്ടാൽ ഓടി പി. ഡബ്ളിയു. ഡി. ക്കാരുടെ അടുക്കൽ ചെല്ലു

മ്പോൾ ഫിഷറി ഡിപ്പാർട്ടുമെൻറുകാരുടെ അടുക്കൽ ചെല്ലാൻ പറയും. രണ്ടു പേരേയും കണ്ടുകഴിയുമ്പോൾ ഈ കാര്യം ഗവൺമെൻറാണ് ശ്രദ്ധിക്കേണ്ടതെന്നു പറയും, ഇത്രയും ചെയ്തുകഴിയുന്നതിനകം കൃഷിക്കു നാശവും വരും. ഗവൺമെൻറ് ഈക്കാര്യത്തിൽ വേണ്ടവിധം ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

MR. A. K. KUMARAN VAIDYAN: സർ, ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പറവൂർതാലൂക്കിൽ പ്രധാന കൃഷിസ്ഥലങ്ങളുടെ നടുവിലായി ഏകദേശം പത്തു പന്ത്രണ്ട് തോടുകൾ കിടപ്പുണ്ട്. അതു് പി. ഡബ്ളിയു. ഡി. ക്കാരുടെ കൈവശത്തിലാണോ അതല്ല, റവന്യൂവിൻെറയോ അതുമല്ല, ഫിഷറിഡിപ്പാർട്ടുമെൻറിൻെറയോ കൈവശത്തിലാണോ കിടക്കുന്നതെന്ന് കണ്ടുപിടിച്ച് അറിഞ്ഞുവരുമ്പോഴേക്കും കൃഷി നശിച്ചുകഴിയും. അവിടെ ഏകദേശം ൧൨൦ ഏക്കർ സ്ഥലത്തുകൂടി മൂന്നു തോടുകൾ പുഴയിലേക്കു പോകുന്നുണ്ട്. അവിടെയുള്ള കൃഷിയെ സാരമായി ബാധിക്കുന്ന ഒന്നാണു അവിടത്തെ മൽസ്യക്കെട്ട്. അതിൽനിന്നും ഗവൺമെൻറിനു യാതൊന്നും കിട്ടുകയില്ല. ഊന്നനാട്ടി മൽസ്യം പിടിക്കാനായിട്ടാണു അനുവാദം കൊടുക്കുന്നതു്. എന്നാൽ ഡിപ്പാർട്ടുമെൻറിലെ കീഴ്‌സിൽബന്ധിക്കാരെ സമീപിച്ച്, അവിടെ മുട്ടുചിറയിട്ട് മീൻപിടിക്കുകയാണ് സാധാരണചെയ്യുന്നതു്. ഇങ്ങനെ ചെയ്തു നിമിത്തം ൧൦൮൧-ൽ ൧൧൪-ാംനമ്പരായി ഒരു കേസു ഹൈക്കോടതിയിൽ ഒരു വിധി ഉണ്ടായിട്ടുണ്ട്. കുംഭം ൧൭-ാം തീയതിക്കുശേഷം ഇതുമാതിരിയുള്ള പുറമ്പോക്കുതോടുകളിൽ മുട്ടുചിറ ഇടരുതെന്നു കാണിച്ച് ദിവാൻജിഅവർകൾ ഒരു ആർഡർ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അതിനെ ലംഘിച്ച് മുട്ടുചിറ ഇട്ടതു നിമിത്തമാണു കേസുണ്ടായതു്. ഇപ്പോൾ മുട്ടുചിറ ഏകദേശം ഇടവമാസം ൭-ാം തീയതിക്കു ശേഷമാണ് എടുത്തു കളയുന്നതു്. അതുനിമിത്തം ഏകദേശം മുപ്പതിനായിരപ്പറ നെല്ലുണ്ടാകുന്ന പ്രദേശങ്ങൾ വൃഥാ ശൂന്യമായി കിടക്കുന്നതു ഞാൻ എൻെറ അനുഭവത്തിൽതന്നെ കണ്ടിട്ടുള്ളതാണ്.

ഇപ്പോൾ പറവൂർ കോട്ടുവള്ളിപകുതിയിൽ തത്തപിള്ളി എന്ന സ്ഥലത്തു മൽസ്യക്കെട്ട് നടത്താനമെന്നു പറഞ്ഞു ചിലർകൃഷിഡിപ്പാർട്ടുമെൻറുകാരെ സമീപിച്ചു വരുന്നതായി എനിക്കറിയാം. ഇതുനിമിത്തം പല ഉപദ്രവങ്ങളും ഉണ്ടാകാറുണ്ട്. ഒരുദാഹരണം ഞാൻ പറയാം. ആരെയും ആക്ഷേപിക്കാനോ ആരുടെയെങ്കിലും നേരേയുള്ള വിരോധം കൊണ്ടോ അല്ലാ ഞാനിതു പറയുന്നതു്. അവിടെയുള്ള ഒരു പ്രധാനപ്പെട്ട സ്ഥലത്തു അതായതു ഏഴിക്കര പകുതിയിൽ മൽസ്യക്കെട്ടു

[Mr. A. K. Kumaran Vaidyan].

അടുത്തയാണ്ടു ചിങ്ങമാസം മുതൽ കൊടുക്കുവാൻ മറയിൻബയാളജിസ്ററും അവിടത്തെ ഫിഷറി ഇൻസ്പെക്ടരുംകൂടി കൺട്രാക്ടരെ സമീപിച്ച് ചില ശ്രമങ്ങൾ നടക്കുന്നതായി എനിക്കറിയാം. ഗവണ്മെൻറു അതു തടയണമെന്നപേക്ഷിക്കുന്നു. അതു പോലെ കേശവൻതുരുത്തു തോട്, പെരുക്കാൻപുഴ തോട്, മുണ്ടകത്തുരുത്തതോട് ഇങ്ങനെ പല തോടുകളും റവന്യൂഡിപ്പാർട്ടുമെൻറിൻെറയും കൃഷിഡിപ്പാർട്ടുമെൻറിൻെറയും കീഴ്സിൽബന്ധികളുടെ സേവപിടിച്ചു അവരുടെ സഹായത്തോടുകൂടി മൽസ്യംപിടിക്കുന്നതിനായി ഉപയോഗിച്ചു വരുന്നതുകൊണ്ടു അവിടെയുള്ള കൃഷി ഉപയോഗശൂന്യമായി ഭവിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇതു നിമിത്തം ഏകദേശം ൧൦൦൦൦ പറ നെല്ലു ഉണ്ടാകുന്ന സ്ഥലങ്ങൾ നാമാവശേഷമായി ഇന്നും കിടക്കുകയാണ്. ഗവണ്മെൻറ് ഊന്നി നാട്ടി മൽസ്യം പിടിക്കുന്നതിനല്ലാതെ അടച്ചുകെട്ടി മൽസ്യം പിടിക്കുന്നതിനു ഉത്തരവ് കൊടുക്കരുത്. മുൻപറഞ്ഞ കുറിയിതോട്, അമ്പതോട ഇതുകൾ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലേക്കു എടുത്തു കെട്ടുവാൻ കൊടുക്കണമെന്നു കാണിച്ചു ഒരാൾ ഒരു അപേക്ഷ അയയ്ക്കുകയും അതനുസരിച്ചു നിലത്തിൽ ഉള്ള തോടുകൾ ഇറിഗേഷനിൽ പെടുത്തുവാൻ ചില അധികാരികൾ ശ്രമിച്ചു വരുന്നതായും അറിയുന്നു. അതിനെ ഗവണ്മെൻറ് എത്രയും വേഗം തടയേണ്ടതാണെന്നു മുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

MR. P. NARAYANA PILLAI: Sir, I also support the motion. But I cannot agree with the reasons advanced by many of the honourable members. Though Mr. Kainikkara Padmanabha Pillai said that there is a difference between muddy water and a solution of clay there is absolutely no difference between muddy water and water containing silt. Neither of them are injurious to the paddy cultivator. Fishing operations are conducted in Makaram, Kumbam and Dhanu after these channels are dried up. There will then be very little water in these channels. And the lessees generally conduct fishing operations after drying up these tanks and channels. As a result of that there will be very little water left which can be utilised for cultivating the adjacent lands. This is the real danger that threatens the cultivator. So it is advisable not to lease out tanks and channels for the purpose of fishing.

MR. I. C. CHACKO: Sir, protective irrigation falls under two groups, one is major and the other is minor. The P. W. D. is maintaining only the major irrigation works. In the case of these major works, the Department does not allow any interference prejudicial to irrigation. As regards minor irrigation works, the duty of maintaining them devolves upon the ryots. So the Department could not do anything in the matter.

MR. K. KUNJU PANIKKER: How can the ryots themselves protect their interest when the Department leases out the canals for the purpose of fishing?

MR. I. C. CHACKO: The P. W. D. does not lease out the fishing rights.

Another honourable member referred to the abolition of the Irrigation Division. Only the Division has been abolished. There are three sub-divisions and nine sections which are still continuing.

MR. K. P. KOCHUKORA THARAKAN: ആലുവായിൽ ഒരു സബ് ഡിവിഷനുണ്ടോ?

MR. I. C. CHACKO: അവിടെ ഒരു സെക്ഷൻ ഉണ്ട്.

MR. M. SIVATHANU PILLAI: May I know from the member what he has got to say with regard to the Department itself putting to auction the fishing in irrigation tanks in Nanjanad after the Kumbhom crop is over? For instance, the right of fishing in the Terur tank is auctioned after the Kumbhom crop.

MR. I. C. CHACKO: There is no need for water after the Kumbhom crop.

MR. M. SIVATHANU PILLAI: The maintenance is done only in the channels and not in the bed of the tank.

PRESIDENT: Order, order. I should give the honourable member the opportunity of putting forward his case before he answers these questions.

MR. I. C. CHACKO: The headquarters of the Irrigation Division was fixed at Quilon. Of course the Irrigation Department has moved in close cooperation with the people. But the people found it very difficult to go to Quilon to make their representations. That was one reason why the Division was abolished.

MR. K. P. KOCHUKORA THARAKAN: ഡിവിഷനാഫീസർ ജനങ്ങളെ അറിയിച്ചുകൊണ്ടാണോ സഞ്ചരിക്കുന്നത്?

MR. I. C. CHACKO: It is not always easy to find out where the officer is touring.

MR. K. P. KOCHUKORA THARAKAN: സബ് ഡിവിഷനാഫീസരുടെ യാത്രയെ സംബന്ധിച്ച് പത്രങ്ങളിൽ പരസ്യം ചെയ്യാറില്ലേ?

MR. I. C. CHACKO: No. The cost of running a separate Division for Irrigation was about Rs. 30,000 and that was a very large expenditure compared to the expenditure on works. These were the reasons that induced Government to abolish the Division Officers's post.

One member referred to the Valiatodu in Aiyrur. I may say that two cross bars are being put up and efficient arrangements have been made to complete them. That is all that is possible.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know from the honourable member whether he is aware of the fact that there are several Poramboke chals in the Tiruvalla taluk which are the only means of irrigation for the extensive areas under paddy cultivation?

MR. I. C. CHACKO: Yes, there are.

MR. PULIOOR T. P. VELAYUDAN PILLAI: Some of these chals are maintained by the Irrigation Department. For instance, one chal in Pantalam Vadakkekara Pakuthi is maintained by the Department.

MR. I. C. CHACKO: Yes.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether these channels are not leased out by the Fisheries Department for fishing?

MR. I. C. CHACKO: Although they are improved by the P. W. D. they are minor irrigation works and therefore the P. W. D. are not maintaining them.

MR. PULIYOOR T. P. VELAYUDHAN PILLAI: My question is not about the maintenance. I want to know whether these channels are leased out by the Fisheries Department.

MR. I. C. CHACKO: I am not aware.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether Government are aware?

PRESIDENT: On this point he represents the Government.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know from the honourable member whether he is personally aware of the fact that in several pakuthies in the Tiruvalla taluk there are no other means of irrigation excepting these chals?

MR. I. C. CHACKO: I am fully aware of that.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether the fishing operation in these tanks during summer will be prejudicial to the growth of paddy?

PRESIDENT: I think the honourable member would be helping Government if he indicates what he considers as the best solution.

MR. PULIYOOR T. P. VELAYUDHAN PILLAI: I am thankful to Government for giving me another opportunity for explaining my position. My submission is that these chals which will not altogether measure more than five acres should not be leased out. The loss will not be more than Rs. 5 or Rs. 10. Even when they are leased out they are not properly advertised and therefore the amount fetched is very nominal. The damage caused to the ryots is more than the amount that would be realised by leasing them out.

PRESIDENT: Is the honourable member in a position to say what is the amount derived from the fishery right over these channels?

MR. PULIYOOR T. P. VELAYUDHAN PILLAI: I do not know, Sir.

PRESIDENT: Does the member in charge of the Department know it?

DR. K. L. MOUDGILL: No, Sir.

MR. PULIYOOR T. P. VELAYUDHAN PILLAI: I am personally aware that the amount derived in a particular block is only below Rs. 10.

PRESIDENT: In other words the honourable member is saying that the amount derived is much below the trouble caused to the ryots.

MR. PULIYOOR T. P. VELAYUDHAN PILLAI: Not only that. The trouble caused to the ryots is considerable. At least in future these chals and tanks should not be leased out in consideration of all the facts I have explained on the floor of the House.

RAJYASEVAPRAVINA M. K. NILAKANTA AIYAR : Sir, it has been brought to the notice of Government that considerable harm is being caused on account of the leasing of these tanks for fishing. This is a question of policy. I can assure the member that the Government will look into the matter sympathetically.

MR. M. R. NARAYANA PILLAI : What does the Chief Engineer say about the Kullapuzha thodu, the Mullakanchira canal and the Kuttapuzha thodu?

MR. I. C. CHACKO : A revised estimate has now been sanctioned in respect of the Kullapuzha thodu and the work will be taken up as soon as the rainy season is over. Regarding the other works we will resume work as early as possible.

MR. PULIYOOR T. P. VELAYUDHAN PILLAI : In view of the answer given by the Chief Secretary to Government on behalf of Government I do not press the motion.

The motion was, by leave, withdrawn.

Motion Nos. 2 to 5.

The following motions were not moved:

MR. P. S. MUHAMED:

2. To reduce the total allotment of Rs. 1,98,250 for Protective Irrigation by Re. 1.

MR. K. KUNJU PANICKER:

3. To reduce the allotment of Rs. 8,731 for Chief Engineer by Rs. 10.

MR. K. NARAYANAPERUMAL NADAR:

4. To omit the allotment of Rs. 2,400 for Technical Assistant to the Chief Engineer.

Motion No 5.

MR. PULIYOOR T. P. VELAYUDHAN PILLAI : Sir, I move the following motion:

To reduce the allotment of Rs. 3,000 for travelling allowance by Re. 1.

The object of this motion is to discuss the fact that on account of the want of the effective local inspections by the Chief Engineer the works provided for in the budget are not being carried out in proper time. It is as a result of repeated representations made to Government and some times as the result of interpellations and cut motions asked, moved respectively in the Houses of Legislature that Government are generally making provisions in the budget for the various years for certain important works. Even though sufficient provision has been made in the budget, we are sorry to find that in the majority of cases these works were not taken up and completed during the year itself. Consequently the amounts had to be allowed to lapse at the end of the year. For example, in the current year's budget sufficient provision has been made for the construction of two very important bridges, namely, the Kozhipalam bridge on the Chengannur-Kozhencherry road and the Nakallikal bridge on the Aranmulla-Pandalam Road. But I am sorry to say that even though funds were available for the purpose of constructing the bridge nothing substantial has been done in this direction. I am sure if the Chief Engineer had travelled in these

[Mr. Puliyoor T. P. Velayudhan Pillai.]

parts he would have been able to find out whether the works sanctioned by Government are carried out in proper time. These bridges would have been in that case completed by this time. The sad result is being experienced in several other cases also. My submission is that on account of want of effective local inspections these sad things happen. So I wish, in future, by proper travelling and effective local inspections, the works provided for in the budget would be taken up and completed during the same year. Sir, in the next year's budget there is provision for the construction of the Kollakadavu bridge about which repeated representaions have been made to Government direct and interpellations and cut motions also asked and moved in this House. I wish to point out to Government and the Chief Engineer that particular care may be taken at least next year to see that this bridge is taken up and finished next year itself. With these observations, I move my motion for the unanimous acceptance of the House.

MR. P. S. MUHAMED : മി: വേലായുധൻപിള്ള അവതരിപ്പിച്ച ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. മി: വേലായുധൻപിള്ള ഏററവും പ്രധാനമായ കുറെ പാലങ്ങളുടെ കാൎയ്യങ്ങൾ പറഞ്ഞു. എന്നാൽ ആ കാൎയ്യത്തിൽ മാത്രമല്ല ഏററവും ചെറിയ കാൎയ്യത്തിൽപോലും ഡിപ്പാർട്ടുമെൻറുകാർ ഒട്ടുംതന്നെ ശ്രദ്ധിക്കുന്നില്ല. ആലപ്പുഴയിൽ ടിംബർ ഡിപ്പോക്കടുത്തു ഒരു പാലം അനുവദിച്ചിട്ടുണ്ട്. അഞ്ഞൂറുരൂപാ ചെലവു ചെയ്താൽ ആ പാലം തീരും അതിനുള്ള തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞകൊല്ലം ആ പണി നടത്തിയില്ല. കൊമ്മാടി പാലത്തിനുവേണ്ടി മുന്നൂറുരൂപാ കൊള്ളിച്ചിട്ടുണ്ട്. ഒന്നും ചെയ്തില്ല. മണ്ണംചേരിയിലുള്ള ഉഡൻബ്രിഡ്ജിനു ൩൦൦ രൂപാ അനുവദിച്ചിരുന്നു. അതിൻെറ പണിയും നടത്തിയിട്ടില്ല. ഇങ്ങനെ നിസ്സാരമായ പണച്ചെലവുള്ള പാലങ്ങളുടെ പണികൾപോലും നടത്തിയിട്ടില്ല. ഓരോ കൊല്ലവും പണം മാത്രം കൊള്ളിച്ചാൽ എന്തു വിശേഷമാണുള്ളതു്. ഈയാണ്ടിലും അതേസംഖ്യകൾ കൊള്ളിച്ചിട്ടുണ്ട്. അനുഭവം പഴയതുപോലെ ആകുമോ എന്തോ ൧൧൭—ൽ അഡ്വൈസറി കമ്മിററിയിൽ ഞാനും ഉണ്ടായിരുന്നു. വലിയ പ്രയോജനമുണ്ടെന്നു കണ്ടിട്ടാണ് ഇത്തരം ചെറിയ പാലങ്ങൾ പണി കഴിക്കുന്നതിനു തുക ബഡ്ജററിൽ കൊള്ളിക്കാൻ അവർ ശുപാർശ ചെയ്തതു്. കൊമ്മാടിയിൽ കൂടി ദിവസംതോറും ആറേഴായിരം തൊഴിലാളികൾ നടക്കുന്നുണ്ട് വലിയ വെള്ളം അവിടെ ഇല്ലെങ്കിലും രാത്രിയിൽ പോകുന്നവർ കുളിച്ചുംകൊണ്ടാണു പോകുന്നതു്. ഏററവും ചെറിയ സംഖ്യ ൩൦൦, ൪൦൦, രൂപാ മാത്രമേ ഈ പണിക്കാവശ്യമുള്ളു. അതും ലാപ്സാക്കിക്കളഞ്ഞാൽ പിന്നെ ഈ തുക കൊള്ളിക്കുന്നതുകൊണ്ട് എന്തു പ്രയോജ

നമാണുള്ളത്. കൊള്ളിക്കുന്ന തുകയെങ്കിലും അതാതാണ്ടിൽ ചെലവാക്കുവാൻ ഡിപ്പാർട്ടുമെൻറിൽനിന്നും നിഷ്കർഷയായി ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

MR. KAINIKKARA M. PADMANABHA PILLAI. Sir I support the motion. I do so not to bring to the notice of Government any particular work, not that I have no work to be brought to the notice of Government, but because I think I might take this opportunity to bring to the notice of the Government the advisability of laying aside all amounts that lapse at the end of the year to form a P. W. D. fund. There seems to be a tendency, conscious or unconscious, on the part of the department to allow the funds allotted to lapse at the end of the year. The result is that not only that works are not taken up but even those taken are left incomplete after huge amounts have been spent on them. Mr. Narayana Pillai mentioned two canals and the Chief Engineer said that their construction is proceeding. I know another canal namely the Chalakal canal, on which about Rs. 35,000 have been spent. It seems that there is some rock there and unless somebody removes the rock to the Vembanad lake, the canal cannot be constructed. Throughout the State you can find various incomplete works. The Alleppy-Changanacherry canal is one such. Enquires and investigations have been going on for several years and this year a sum of Rs. 3,000 only has been allotted for it. This is not enough. I think this is almost a negation of the canal. Sometimes Government seem to take up this work and hopes are created only to be followed by disappointments. If Government come to a decision that whatever amount lapses at the end of the year is kept as a P. W. D. fund, these works could be carried out later. I think there is a tendency in the administration to hold back the money for the next year's expenses. In the University fund we have been setting apart certain funds for capital works and carrying forward the unexpended portion to the next year. This practice may be followed in the P. W. D. also.

PRESIDENT: One of the objects of Government in constituting the P. W. D. Advisory Committee and in proposing to continue it and remodel it was to enable public opinion to be focussed upon these matters and to have a two-year or three-year or five-year programme of works. It will be the duty of the P. W. D. Advisory Committee to see how that can best be done in consonance with the wishes of the people of the State. Government can then ear-mark a particular sum which if it is not spent in a year my be carried over to spend in the next year. It appears to me that what happens at present is that very often enterprising or pertinacious members put forward particular proposals and on account of local influence or local importunity those proposals are taken up. And then somebody else comes up with another proposal and the department and the Government have got frequently the tendency to satisfy the man on the spot for the time being.

MR. KAINIKKARA M. PADMANABHA PILLAI: In the light of what the Dewan-President has stated I do not persue the point any further.

MR. M. SIVATHANU PILLAI: Sir, I wish to speak a few words in support of this motion. Perhaps, the Chair and the member in charge of the department may be surprised when I speak in support of the motion, particularly when I happen to be a member of the P. W. D. Advisory Board.

PRESIDENT: The member may know where the shoe pinches more.

MR. M. SIVATHANU PILLAI: It is true that the members of this Board. give considerable help to the department. But by our intimate experience of the department, we can say that the departmental people are not as keen as they ought to be in their work. I must say with all the strength that I can command that the department lacks what may be called driving force.

PRESIDENT: It may be supplied hypothically by the Committee.

MR. M. SIVATHANU PILLAI: But one can lead a horse to the river but twenty cannot make it dirink.

PRESIDENT: There is forcible feeding now-a-days.

MR. M. SIVATHANU PILLAI: Yes, Sir. That is what we want to do. But when we ask "what have you done with regard to the last years's programme "sometimes the head of the department will not be able to answer in respect of many items. Very often the usual answer is "the Land Revenue Department has not handed over the site so that we may begin the work". Even today the departmental head very cleverly threw the responsibility on the poor ryots when it was complained that irrigation is affected by fishing. Let me take this instance. There is a small water course as that of a big kal between the village of Chiramadam and the village of Vembadi inhabited by Sambavars. People have got to pass this kal for their daily work. Daily three or four hundred labourers and ryots from the neighbouring villages will have to cross this kal for getting and paying daily wages. There is no bridge there. Two palmyrah rafts are placed across the kal by the people themselves. It was decided in the last year's committee to provide them small bridges in two places and funds were provided for in the last year's budget. But nothing has been done yet. Now I am thinking of Dr. Kamesam's plan, *i. e.*, putting planks for the purpose of crossing the river. The bridge could be constructed within 30 days. But no attempt has been made. When I ask why the work is held up, without understanding the locality, the Chief Engineer would answer that the site is not handed over by the L. R. Department. There is no necessity for it. It is a poramboke land. From this budget you can see that the major portion of the work for which money was allotted last year has not been spent and the works are found repeated in this budget also. What is the meaning of it unless it be the absolute indifference on the part of the subordinates or the Division Officers of the department. A driving power is absolutely necessary. A list of works to be done for one year should be given and at the end of the year the department must be able to say that they have completed such and such works and that only a small portion of some works remains to be done for very good reasons. I can

understand that. Additional funds for it can be provided for in the next year's budget. Let us take the case of maintenance and irrigation tanks in Nanjinad.

MR. D. C. JOSEPH : May I know whether, as a member of the Advisory Board, he has even brought this matter to the attention of the Presiding Officer.

MR. M. SIVATHANU PILLAI: That is a matter for the executive head of the department to look into.

Similarly maintenance works in connection with the irrigation tanks are not properly attended to. So also with regard to the opening of new tanks for the purpose of irrigation. Year before last, Rs. 25,000 was allotted for the purpose of restoring certain tanks. If I remember correct, only about Rs. 5,000 was spent. During last year there was preferably good weather. If the department had only cared, they could have done it. When we ask for an explanation, the reply is that the estimate is not ready. It may be only a small item of earthwork for which no great skill is required for preparing the estimate. For this untenable reason funds for major portions of work will be allowed to lapse. From all these things one will come to the definite conclusion that the department lacks that driving power. Some more driving power is required on the part of the Executive Officers who are immediately responsible for such works.

MR. DOMINIC JOSEPH : Sir, I support the motion. The general practice with regard to the P. W. Department is to allow the sum allotted for one year to lapse at the end of the year so that the same has become the rule, rather the exception. My friend Mr. Padmanabha Pillai referred to the Chalakal thodu. Its construction was started more than 25 years ago. Dewan Mr. Raghaviah and Dewan Mr. V. S. Subramonia Aiyar visited the spot and recommended that for the improvement of paddy cultivation, the cutting of that thodu was absolutely necessary and a portion was cut open at both ends, but the middle is still left intact. That is the practice resorted to by the P. W. Department. If that is the case with such important works which have been inspected by the head of the administration more than once, what will be the case with others ?

Then I wish to bring to the notice of the House the case about the water scarcity in the Kottayam Municipality. In the last year's budget an amount of Rs. 10,000 was allotted. But no amount has been spent.

MR. M. R. NARAYANA PILLAI. May I know the provision for this year?

MR. DOMINIC JOSEPH : Mere allotment does not count for anything. The situation has come to such a stage that an allotment in the budget for any work in an year does not mean anything more than that. It fails to create any impression in the minds of the public. It is after much trouble on the part of the public concerned that a particular amount is made to be allotted for some particular work. If that is allowed to be lapsed in this manner, it must be conceded that things are not going on in the right direction. With these words I support the motion.

MR. PADIYARA JOSEPH KUNJU: സർ, തുടർച്ചയായ ഭരണനയം ഇല്ലാത്തതുമൂലം ഇവിടത്തെ പല വേലകളും പൊതുമരാമത്തുഡിപ്പാർട്ടുമെന്റ് ചെയ്തുതീക്കാതെയാണിരിക്കുന്നത്. ഇപ്പോഠം തുടൎന്നുകൊണ്ടിരിക്കുന്ന ഭരണംമൂലം ഇതൊന്നുകൂടി വിഷമകരമാകുകയില്ലയൊ എന്നു ഞാൻ സംശയിക്കുന്നു. അതിനെപ്പററി അല്പം കൂടി പ്രസ്താവിച്ചുകൊണ്ടു ഞാൻ കാൎയ്യഭാഗത്തേക്കു പ്രവേശിക്കാം. ഇപ്പോഠം പൊതുമരാമത്തുവകുപ്പ് രണ്ടായിട്ടാണു വിഭജിച്ചിരിക്കുന്നത്. അതിനെപ്പററി എനിക്കു പരാതിയില്ല. എസ്റ്റാബ്ലിഷ്മെൻറുസെക്ഷനെല്ലാം ഒരാളുടെ കീഴിലാണെന്നു കാണുന്നു. ഞാൻ ആളുകളെ എടുത്തു പറയാം. അതു് ഒരു വിശദീകരണത്തിനുമാത്രമാണ്. മി: ഐ. സി. ചാക്കോയുടെ കീഴിൽ റോഡുകളും, മി: ജെ. ഡബ്ലിയു. ചാക്കോയുടെ കീഴിൽ എസ്റ്റാബ്ലിഷ്മെൻറും ആണ്. റോഡ്സെക്ഷനിലെ ഒ‍ാ ക്ലാക്കു മി: ഐ. സി. ചാക്കൊയുടെ ആജ്ഞകഠം അനുസരിക്കുന്നില്ലെങ്കിൽ അദ്ദേഹം മി: ഐ. സി. ചാക്കോയുടെ അടുത്തുപരാതി പറയേണ്ടതായിട്ടാണിരിക്കുന്നത്.

PRESIEDINT: That is not so.

RAJYASEVAPRAVINA M. K. NILAKANTA AIYAR: It is not correct Independent powers have been given both to Mr. I. C. Chacko and Mr. J. W. Chacko.

MR. PADIYARA JOSEPH KUNJU: എന്നാൽ എസ്റ്റാബ്ലിഷ്മെൻറ് സെക്ഷൻ മുഴുവനും ഒരാളുടെ കീഴിലാണെന്നു പറയുന്നതിൻെറ അൎത്ഥം മനസ്സിലാകുന്നില്ല.

PRESIDENT: If these Engineers find any difficulty in the actual working of the department, Government will be only too anxious to remove them.

MR. PADIYARA JOSEPH KUNJU: സർ, അപ്പോഴപ്പോഠം നിയമിതരാകുന്ന ചീഫ്എഞ്ചിനീയരന്മാരുടെ ഇഷ്ടാനുസരണം അവർ ഓരോവേലകഠം ചെയ്യിക്കുന്നതുകൊണ്ടാണ്, ഈ ഡിപ്പാർട്ടുമെൻറിൽ തുടർച്ചയായ ഒരു ഭരണനയമില്ലാത്തതുകൊണ്ടാണ്, പൊതുജനങ്ങഠംക്കു യാതൊരു ഉപകാരവുമില്ലാത്തവിധത്തിൽ ഓരോ വേലകളും ചെയ്തുവരുന്നതു്. അതിനു ഞാൻ ഇവിടെ ചില ഉദാഹരണങ്ങഠം മാത്രം പറയാം. ചേർത്തലയും ആലപ്പുഴയും തമ്മിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി ചേർത്തലയ്ക്കും ആലപ്പുഴയ്ക്കും തമ്മിൽ മദ്ധ്യേ ഒരു റോഡ് വെട്ടണമെന്നുള്ള ഒരു ചീഫ്എഞ്ചിനീയരുടെ അഭിപ്രായപ്രകാരം അതിലേക്കു കുറെ പണം ചെലവാക്കി. വേറൊരു ചീഫ്എഞ്ചിനീയർ വന്നപ്പോഠം പറഞ്ഞു, ഇവിടെ ഒരു റോഡല്ല വേണ്ടതു്, ഒരു തോടാണെന്ന്. ഉടനെ അതിനുള്ള വേലകഠം ആരംഭിച്ചുതുടങ്ങി. അങ്ങിനെയിരിക്കുമ്പോഠം നിയമിതനായ, വേറൊരു

ചീഫ്എഞ്ചിനീയർ അഭിപ്രായപ്പെട്ടതു്, ഇതു രണ്ടും വേണ്ട, ഒരു ബൈറോഡ്റയിൽവെ വേണമെന്നാണ്. ഒടുവിൽ ഒരു ദിവാൻജിയുടെ പ്രേരണമൂലം അവിടെ ഒരു റോഡ് ഉണ്ടാക്കുകതന്നെ ചെയ്തു. കുററപ്പുഴ ഒരു തോടു വെട്ടാൻ ഗവൺമെൻറ് നിശ്ചയിക്കയും അവിടെ വേലകൾ ആരംഭിക്കയും ചെയ്തപ്പോൾ ചീഫ്എഞ്ചിനീയർ പറയുന്നതു്, അവിടെ അടിയിൽ പാറയുള്ളതുകൊണ്ടു തോടു് വെട്ടാൻ പലവിഷമങ്ങളും ഉണ്ടെന്നാണ്. ഞാൻ ചോദിക്കുന്നു, ഈ വിവരങ്ങൾ എല്ലാം നേരത്തെ അറിയാതെയാണൊ വേലകൾ ആരംഭിച്ചതെന്ന്. ഇവർ വൈദഗ്ദ്ധ്യമുള്ളവരാണെന്നു പറയുന്നതിൻെറ അത്ഥമെന്താണ്?

MR. K. P. KOCHUKORA THARAKAN : റോഡിൻെറ ആവശ്യത്തിലേക്കായി കുറെ സ്ഥലം പൊന്നുംവില കൊടുത്തു എടുത്തുകൊടുക്കാമെന്നും പിന്നീടു അതു കൊടുക്കുകയില്ലെന്നും പറഞ്ഞതായി മെമ്പർക്കറിയാമൊ?

MR. PADIYARA JOSEPH KUNJU : അതിനെപ്പററി അറിവില്ല.

MR KAINIKKARA M. PADMANABHA PILLAI: ഈ തോടിനു സ്ഥലമെടുത്തിട്ടു വളരെക്കാലമായി എന്നു മെമ്പർക്കറിയാമൊ?

MR. PADIYARA JOSEPH KUNJU : അറിയാം. ചാലക്കൽ തോടിൻെറ സംഗതിയും ഏതാണ്ടു് അതുപോലെതന്നെയാണ്. സർ, എൻെറ നിയോജകമണ്ഡലത്തിൽ ഒരു പാലമുണ്ടു്. അതിൻെറ അററകുററപ്പണി തീക്കുന്നതിനായിട്ടു തൂണുകൾ കൊണ്ടുവന്നിട്ടു, ഗർഡർ കൊണ്ടുവന്നിട്ടു, അതിനുശേഷം പണി ഉപേക്ഷിച്ചിട്ടു് ഇപ്പോൾ പത്തു സംവത്സരക്കാലം കഴിഞ്ഞിരിക്കുന്നു.

MR. M. R. NARAYANA PILLAI: ഇപ്പോൾ പന്നിക്കുഴി പാലത്തിൻെറ സ്ഥിതി എങ്ങിനെയാണെന്നറിയാമൊ?

MR. PADIYARA JOSEPH KUN : എനിക്കു നിശ്ചയമില്ല.

MR. KAINIKKARA M. PADMANABHA PILLAI : കഴിഞ്ഞവർഷം അതിനു് പ്ലാററുഫാറം കെട്ടിയതായി മെമ്പർക്കറിയാമൊ?

MR. PADIYARA JOSEPH KUNJU : അറിയാം. അതുപോലെതന്നെ മീനച്ചിൽ പാലവും. ജനങ്ങൾ മുറവിളി കൂട്ടിയതിൻെറ ഫലമായി ളാലം റോഡിൽ ഒരു പാലം വേണമെന്നുള്ള അഭിപ്രായപ്രകാരം പാലം കെട്ടി. വെള്ളപ്പൊക്കം വന്നപ്പോൾ പാലത്തിൻെറ നാലുകാലും കാണാനേയില്ല. ഇങ്ങനെ അനേകലക്ഷം രൂപാ ആണ്ടുതോറും ഗവൺമെൻറിൽനിന്നും നിരുത്തരവാദത്തോടുകൂടി ചെലവഴിക്കുന്നതു വളരെ കഷ്ടമാണെന്നുള്ള സംഗതി ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്ര

[Mr. Padiyara Joseph Kunju.]

ഫിക്കുന്നു. ഞാൻ ഇതു പറയുന്നതുകൊണ്ട് ഇപ്പോഴത്തെ രണ്ടു ചീഫ് എഞ്ചിനീയറന്മാരെപ്പററിയുള്ള ഒരു വിമർശനമല്ല. അതു ഡിപ്പാർട്ടുമെന്റിനെപ്പററിയുള്ള ഒരു പൊതുവിമർശനം മാത്രമാണു.

MR. K. R. NARAYANAN : മീനച്ചിൽ പാലവും മററും ഏതു ചീഫ് എഞ്ചിനീയരുടെ കാലത്താണ് പണി കഴിപ്പിച്ചതെന്നു പറയാമൊ?

MR. PADIYARA JOSEPH KUNJU : എനിക്കറിഞ്ഞുകൂടാ. അതിനു വളരെക്കാലത്തെ പഴക്കമുണ്ട്.

സർ, ഇനി ഈ ഡിപ്പാർട്ടുമെന്റിലെ ചിലവിനെപ്പററി പറയാം. ൭൨ ലക്ഷത്തിൽപരം രൂപാ ഈ ഡിപ്പാർട്ടുമെന്റിലേക്കു ചെലവുവകയുണ്ട്. അതിൽ ൯ലക്ഷം രൂപയൊ ൩൦ ലക്ഷം രൂപയൊ തന്നെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഇനത്തിൽ പോകുന്നു. രണ്ടു മൂന്നു ലക്ഷം രൂപയോളം ടൂർസ്, മിസ്ലേനിയസ് ഈ ഇനത്തിലേക്കായി വിനിയോഗിക്കുന്നു. ഇങ്ങനെ ൩൨ ലക്ഷം രൂപാ പോയാൽ ബാക്കിയുള്ളതു ൪൦ ലക്ഷം രൂപയാണ്. അതിൽ മെയിൻറനൻസ് മററു ചില സംഗതികൾ—അതു ഞാനിവിടെ പ്രസ്താവിക്കുന്നില്ല—കൺട്രാക്ററുടെ ലാഭം മുതലായവ തട്ടിക്കഴിച്ചാൽ ബാക്കി എത്ര ആയിരം രൂപയുടെ വേലകളാണു പൊതുജനങ്ങൾക്കു ഉപകാരപ്രദമായി ഡിപ്പാർട്ടുമെന്റിൽനിന്നും ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു? ഇങ്ങനെ നോക്കിയാൽ ബാക്കി ഇരുപതിനായിരമൊ, മുപ്പതിനായിരമൊ രൂപായുടെ ജോലികൾ മാത്രമെ ചെയ്യാൻ കാണുകയുള്ളു. സർ, ബ്രിട്ടീഷ് ഇൻഡ്യയിൽ—അങ്ങേക്കു എന്നെക്കാൾ കൂടുതലായറിയാം—ഒരു ഡിസ്ട്രിക്ററിൽ ഒരു എക്സിക്യൂട്ടിവു എഞ്ചിനീയർ മാത്രമേയുള്ളു. അവിടെയുള്ള ഒരു ഡിസ്ട്രിക്ററിനെക്കാൾ വിസ്തീർണ്ണം കുറവുള്ള ഈ തിരുവിതാംകൂറിൽ ഏഴുപേരാണുള്ളതു. അതു എങ്ങിനെയാണു നീതീകരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

PRESIDENT : I think one of the Engineers causes as much dissatisfaction there as all the seven Engineers here.

MR. M. SIVATHANU PILLAI : മെമ്പർ പറഞ്ഞ ഈ നാല്പതുലക്ഷം രൂപാ എവിടെ പോകുന്നു എന്നു പറയാമൊ?

MR. PADIYARA JOSEPH KUNJU ; ഈ തുകയിൽ കുറെ കണ്ടിൻജൻസി ഇനത്തിലും മററു ചില ചെലവുകൾക്കും പോകുന്നു.

MR. M. SIVATHANU PILLAI : മററു ചിലവുകൾ എന്നുവെച്ചാൽ എന്താണ്?

MR. PADIYARA JOSEPH KUNJU : എല്ലാ ഡിപ്പാർട്ടുമെൻറിലും ഉള്ളതുപോലെ ഇവിടെയും കൈക്കൂലിയുണ്ട്. ഈ ഇനവും അതിൽ ഉൾപ്പെട്ടുണ്ട്.

ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്നാൽ മി. കുഞ്ഞുപറഞ്ഞതുപോലെ ഈ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർ തിരുവിതാംകൂറുകാരായതുകൊണ്ടും അവക്കു ഔദ്യോഗികമായി വളരെ പഴക്കമുള്ളതുകൊണ്ടും ഇമ്മാതിരി അഴിമതികൾ ഈ ഡിപ്പാർട്ടുമെൻറിൽ മേലും നടക്കുമെന്ന് അഭിപ്രായം എനിക്കില്ല. ഇതിനുമുൻപു ഇതിൻെറ അദ്ധ്യക്ഷന്മാരായി ഇരുന്നിട്ടുള്ളത് അന്യരാജ്യക്കാരാണ്. അവർക്കു ഇവിടത്തെ സ്ഥിതിഗതികൾ അറിയാൻ കഴിയാതെ കീഴ്സിൽബന്ധികൾ പറയുന്നതുപോലെ പ്രവർത്തിച്ചുകൊണ്ടിരുന്നു. അതാണ് ഈ അധഃപതനം വന്നത്. എൻെറ സ്നേഹിതൻ മി. പടിയറ പറഞ്ഞതുപോലെ പറവൂർ താലൂക്കിൽ ചെറിയാപ്പള്ളി എന്ന സ്ഥലത്തു ഒരു കടത്തുണ്ടു. മുൻപു ചീഫ് ഇഞ്ചിനീയറായിരുന്ന മി. സ്കാട്ട് ആ സ്ഥലം വന്നുനോക്കി. ഈ കടത്തിൽ വെള്ളംപൊങ്ങി ചിലപ്പോൾ റോഡ് നശിപ്പിച്ചുവരാറുണ്ടായിരുന്നു. അദ്ദേഹം റോഡ് കുറെക്കൂട്ടി പൊക്കണമെന്നു അഭിപ്രായപ്പെട്ടു. അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായില്ല. അടുത്തുവന്ന ചീഫ് ഇഞ്ചിനീയരും റോഡ് കുറേക്കൂടി പൊക്കി. അതിലും യാതൊരു പ്രയോജനവും ഇല്ല. ഇങ്ങനെ ഈ ഇനത്തിൽ പത്തു അൻപതിനായിരം രൂപാ ചിലവായി കാണും. പിന്നീടു നമ്മുടെ നാട്ടുകാരനായ മി. ദൊരസ്വാമി അയ്യങ്കാർ വന്നപ്പോൾ അദ്ദേഹത്തിനു പരിതഃസ്ഥിതികൾ മനസ്സിലാകുകയും ഉടൻതന്നെ റോഡിനെ ഇരുവശങ്ങളിലുമുള്ള പുരയിടങ്ങളുടെ ലവലിൽ നിന്നും താഴ്ത്തി. ഇപ്പോൾ ആ റോഡ് വെള്ളപ്പൊക്കം കൊണ്ടു പോകുന്നില്ല. ഇതുപോലെ തിരുവിതാംകൂറിലെ ഭൂപ്രകൃതിയെപ്പററി അറിവുള്ളവരാണെങ്കിൽ ഈ വക സംഗതികളിൽ കുഴപ്പം ഒന്നും ഉണ്ടാകുകയില്ലെന്നാണ് എൻെറ അഭിപ്രായം. ഓരോ പണികളും തുടങ്ങുകയും പൂർത്തിയാക്കാതെ കുടിശിഖ ഇടുകയും ചെയ്യുന്ന പതിവ് പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിൽ മാത്രമല്ല, മററു ഡിപ്പാർട്ടുമെൻറിലും കാണുമെന്നാണ് എൻെറ വിശ്വാസം. അടുത്ത കാലത്തു് ഇടയാട്ടു പുഞ്ച എന്ന സ്ഥലത്തു് ഒരു തോടുവെട്ടി. അതിപ്പോൾ നികന്ന് കൃഷിക്കു വെള്ളംകിട്ടാതെയുള്ള അവസ്ഥയിലാണു കിടക്കുന്നതു്. അതിനെപ്പററി ഈ അസംബ്ളിയിൽ പല പ്രാവശ്യവും ചോദ്യങ്ങൾ

[Mr. A. K Kumaran Vaidyan]

ചോദിച്ചിട്ടും അതിപ്പോഴും പൂർവസ്ഥിതിയിൽതന്നെ കിടക്കുന്നു. പിന്നിട്ട എനിക്ക പറയുവാനുള്ളത് ശ്രീചിത്തിരതിരുനാൾ റോഡിനെ സംബന്ധിച്ചാണ്. ഇക്കൊല്ലത്തിലെ മലവെള്ളം കയറി ആ റോഡു നാമാവശേഷമായിരിക്കുന്നു. ഒന്നുകിൽ റോഡിന്റെ പണി പൂർത്തിയാക്കുകയൊ അല്ലെങ്കിൽ അതിന്റെ പണി നിറുത്തിവയ്ക്കുകയൊ ചെയ്യണം. ഇന്നത്തെ ചീഫ് എൻജിനീയർ അതിനു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുമെന്നു വിശ്വസിക്കുന്നു. ഈ ഉദ്യോഗത്തിൽ മാറിമാറിവരുന്ന ആളുകൾക്ക് പെട്ടെന്നു പെൻഷൻ പറ്റേണ്ടിവരുന്നതുകൊണ്ടു അവർക്ക ഒന്നും ചെയ്യാൻ സാധിക്കാതെയാണിരിക്കുന്നതു. എങ്കിലും നാട്ടുകാരെത്തന്നെ നിയമിച്ചാൽ അവർക്ക സ്ഥിതിഗതികൾ അറിയാവുന്നതുകൊണ്ട് കാര്യങ്ങൾ ഭംഗിയായി നടത്തിക്കുന്നതിന് സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇന്നത്തെ രണ്ടു ഇഞ്ചിനീയറന്മാരും അതിനു പറ്റിയ ആളുകളാണ്. പാറവൂരിൽ പട്ടിണിത്തോട്ട എന്നൊരു തോടുണ്ടു. എല്ലാ കൊല്ലവും ഗവൺമെൻറ് അതിനു കുറെ പണം ചെലവാക്കുന്നു. ആണ്ടുതോറും ഇടവമാസം ൧൫-നു-യൊട്ടുകൂടി കൺട്രാക്ടന്മാർ അവിടെ വന്നു തോടിന്റെ രണ്ടുവശത്തും ചിറകെട്ടി അതിരുകൾ വെട്ടുകയാണു ചെയ്യുന്നത്. ഒരു പത്തുകൊല്ലത്തെ കണക്കെടുത്തു നോക്കിയാൽ ഈ തോടിന്റെ ഇരുവശങ്ങളും നന്നാക്കുന്നതിനു വളരെ അധികംപണം ചിലവാക്കിയിട്ടുണ്ടെന്നു കാണാം. ഇന്നത്തെ സ്ഥിതിയാണെങ്കിൽ അതിൽ തെങ്ങുകളും മററു വൃക്ഷങ്ങളും വീണുകിടന്നു ഉപയോഗശൂന്യമായി തീർന്നിരിക്കുകയാണ്. അതുപോലെതന്നെ പെരുവാരം ക്ഷേത്രത്തിനു കിഴക്കുവശത്തു ഒരു പാലം ഉണ്ട്. കുറെകഴിയുമ്പോൾ അതും നാമാവശേഷമായിത്തീരും. ഈ വക കാര്യങ്ങൾ ഇങ്ങനെ സംഭവിക്കുന്നതു മുൻപു ഇരുന്നിട്ടുള്ള എൻജിനീയറന്മാരുടെ ദൂഷ്യംകൊണ്ടാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട ഗവൺമെൻറു അവിടെ ഒരു എഞ്ചിനീയരുടെ നിഷ്കർഷ കുറവുകൊണ്ടു അദ്ദേഹത്തെ അവിടെനിന്നും മാററുകയുണ്ടായി. ആലുവാ എക്സിക്യൂട്ടിവ് എഞ്ചിനീയറായിരുന്ന ഇപ്പോഴത്തെ ചീഫ് എഞ്ചിനീയർ ഈ വിഷയങ്ങളിൽ ബദ്ധശ്രദ്ധനാണെന്നു എനിക്ക പറയുവാൻ കഴിയും. അദ്ദേഹത്തെ ഞാൻ ഈ അസംബ്ളിയിൽ വച്ചുകണ്ടതല്ലാതെ എനിക്ക് യാതൊരു പരിചയവുമില്ല. ബഹുമാനപ്പെട്ട സാമാജികന്മാർ ഞാൻ അദ്ദേഹത്തെ വാഴ്ത്തുന്നു എന്നു വിചാരിക്കരുതെന്നു അപേക്ഷിക്കുന്നു. എഞ്ചിനീയർ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു മുൻ പറഞ്ഞതായ അനുഭവങ്ങൾ മേലാൽ ഉണ്ടാകുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

കരിയാപ്പള്ളി റോഡ് വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അതിൻെറ മിക്ക ഭാഗങ്ങളും വെള്ളത്തിനടിയിലാകുന്നു. എന്തുകൊണ്ടെന്നാൽ ശരിയായ രീതിയിൽ അവിടെ കല്ലിട്ടുറപ്പിക്കാത്തതുകൊണ്ടാണ്. ഇപ്പോൾ അതിനു റോഡിൻെറ ഒരു ലക്ഷണവുമില്ല. അതുകൊണ്ടു ചീഫ് എഞ്ചിനീയരുടെ ചാർജ് വഹിക്കുന്ന ഈ രണ്ടു ഉദ്യോഗസ്ഥന്മാരും ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ ഈ ദുഷ്പേരിനെ പരിഹരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. T. C. KESAVA PILLAI : സർ, ഞാൻ ഈ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ ചില സംഗതികൾ എടുത്തു പറയണമെന്നു വിചാരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻെറാഴികെ മററു ഡിപ്പാർട്ടുമെൻറുകളിൽ അനുവദിച്ചിട്ടുള്ള തുകകൾ അധികം ലാപ്സായിപോകുന്ന പതിവു കാണുന്നില്ല. അധികം ലാപ്സായിപോകുന്നതു ഈ ഡിപ്പാർട്ടുമെൻറിലാണ്. ശരിയായ പ്രവർത്തനക്കുറവുകൊണ്ടു കാലാകാലങ്ങളിൽ ജോലി തീരാതെ കുടിശിഖയായി കിടക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൽ കറപ്ഷൻ ഉണ്ടെന്നും മററും പറഞ്ഞുകഴിഞ്ഞു. അങ്ങിനെ പറയുന്നതിൽ അർത്ഥമില്ല. കീഴുദ്യോഗസ്ഥന്മാർ ചെയ്യുന്ന ജോലികൾ മേലുദ്യോഗസ്ഥന്മാർ പരിശോധിച്ചു ന്യൂനതകൾ പരിഹരിക്കുന്ന പതിവുണ്ടു. ഡിപ്പാർട്ടുമെൻറുകാർ കൈക്കൂലി വാങ്ങിക്കുന്നതുകൊണ്ടു പൊതുജനങ്ങൾക്കു യാതൊരു സങ്കടവും വരാനില്ല.

MR. K. P. KOCHUKORA THARAKAN : കാൺക്രീററു ജോലികളും മററും കണ്ടമാനം ചെയ്തു ധാരാളം പണം നഷ്ടംവരുത്തുന്നില്ലേ?

MR. T. C. KESAVA PILLAI : അതിൽ നമുക്കു കാര്യമൊന്നുമില്ല. ചീഫ് എഞ്ചിനീയർ അതിൻെറ ഉത്തരവാദിത്വം വഹിച്ചുകൊള്ളും. ഇപ്രകാരമുള്ള സംഗതികൾ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടില്ല. എന്നാൽ ഇതിൻെറ അഡ്മിനിസ്ട്രേഷനിൽ എന്തോ ചില കുഴപ്പങ്ങൾ ഇല്ലാതില്ല. അതിനായി പരീക്ഷായോഗ്യതയുള്ള വിദഗ്ദ്ധന്മാരെക്കൊണ്ടു ഈ ന്യൂനതയ്ക്കു ഒരു പരിഹാരം ഉണ്ടാക്കണമെന്നു ഞാൻ ഗവമ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. വിളവങ്കോട്ടുതാലൂക്കിൽ വള്ളവിള എന്ന സ്ഥലത്തു ഒരു തോടുണ്ടു്. അവിടെ ഒരു പാലമില്ല. അവിടത്തെ വാസികളിൽ അധികംപേരും കത്തോലിക്കരാണ്. വെള്ളപ്പൊക്കകാലത്തു് സ്ത്രീകൾക്കു ഗതാഗതത്തിനു നിവർത്തിയില്ല. ജനങ്ങൾക്കു തൻമൂലം പല കഷ്ടനഷ്ടങ്ങളും ഉണ്ടായിട്ടുള്ളതും, പ്രസ്തുതസംഗതി മൂന്നുവർഷ

[Mr. T. C. Kesava Pillai]

ത്തിനുമുൻപേ ഈ സഭമുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതും, യാതൊരു പരിഹാരവും ഇതുവരെ ഉണ്ടായിട്ടില്ലാത്തതുമാകുന്നു. ഇതു ഗവമ്മെൻറിന്റെ കുററമല്ല, ഉദ്യോഗസ്ഥന്മാരുടെ കുററമാണ്. അവർ ഇക്കാര്യങ്ങളിൽ വളരെ മടിയന്മാരായിട്ടാണു കാണുന്നത്. ഈ യുദ്ധകാലത്തു നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ ഉദ്യോഗസ്ഥന്മാരോടു ഒരു മണിക്കൂറിനുള്ളിൽ ഒരു പാലം കെട്ടണമെന്നു കല്പിച്ചാൽ ഇവർ പാലം കെട്ടുമോ ഇല്ലയോ എന്നാണ് ഞാൻ ചോദിക്കുന്നത്. സചിവോത്തമന്റെ കണ്ണുതുറന്നാൽ ഉദ്യോഗസ്ഥന്മാരുടെ അലസത നിശ്ചയമായും അസ്തമിക്കും.

PRESIDENT : Is it suggested that I am generally keeping my eyes closed?

MR. T. C. KESAVA PILLAI : ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ അവർകൾ തന്നെ ഒരവസരത്തിൽ I am quite disgusted with the P. W. D. എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർ സാധുക്കളായ കർഷകരുടെ വിഷമതകളെ പരിഹരിക്കുവാനുള്ള സകല നടപടികളും ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു പ്രമേയത്തെ അനുകൂലിക്കുന്നു.

MR. K. R. NARAYANAN : സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതോടുകൂടി ഇവിടെ നടന്നിട്ടുള്ള പ്രധാനവാദങ്ങളിൽ ഗവർമ്മെൻറു ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു സംഗതികൾ ചൂണ്ടിക്കാണിക്കണമെന്ന് ഉദ്ദേശിക്കുന്നു. ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുകകൾക്കുള്ള വർക്കുകൾ നടക്കുന്നില്ലെന്നുള്ളതാണ് ഇപ്പോഴത്തെ പരാതി. ഇതു വളരെ പരമാർത്ഥമാണ്. ഇതിനെപ്പററി പരാതിപറയുമ്പോൾ സാധാരണ പറയുന്ന സമാധാനം ലാൻറു റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും സാങ്ഷൻ കിട്ടാത്തതുകൊണ്ടാണെന്നാണ്. ഈ മാതിരിസംഭവിക്കുന്നതു് പി. ഡബ്ളിയു. ഡി. ക്കാർ സാവധാനമായി നടത്തുന്ന എഴുത്തുകളുടെ ഫലമായിട്ടാണെന്നാണ് എനിക്കു തോന്നുന്നതു. ബഡ്ജററുതുകകൾ ലാപ്സാകുന്നതു പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിന്റെ ഒരു ഫാഷനായി തീർന്നിരിക്കുന്നു. സാധാരണയായി കർക്കടകമാസത്തിലാണ് തുകകൾ പാസാകുന്നതു. എന്നാൽ ഡിപ്പാർട്ടുമെൻറുകളിൽ ബഡ്ജററു കിട്ടുന്നതു് ചിങ്ങം, കന്നി, തുലാം, വൃശ്ചികം ഈ മാസങ്ങളിലാണ്. കഴിഞ്ഞകൊല്ലം ആലുവാ സബ്ഡിവിഷൻ ആഫീസിൽ ബഡ്ജററു കിട്ടിയതു വളരെ താമസിച്ചാണെന്നു എനിക്കറിയാം. തുലാമാസത്തിലും വൃശ്ചികമാസത്തിലും ബഡ്ജററു കി

ട്ടകയാണെങ്കിൽ വർക്കകർക്കുള്ള എസ്റ്റിമേററ തയാറാക്കുന്നതിനു കുറെ താമസം വന്നുകൂടും. ചില ഡിവിഷൻ ആഫീസുകളിലുള്ള ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ അശ്രദ്ധയും അമാന്തവും കാണിച്ചുവരുന്നു എന്നുള്ള സംഗതിയും ഞാൻ വ്യസനസമേതം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ബഡ്ജററ ഡിപ്പാർട്ടുമെൻറിനു അയയ്ക്കുന്നതിനുള്ള താമസം, ലാൻഡുറവന്യൂക്കാർ വരുത്തുന്ന താമസം, എസ്റ്റിമേററ ശരിപ്പെടുത്തുവാനുള്ള സെക്ഷനാഫീസിലുള്ള താമസം, അതിനുശേഷം സബ് ഡിവിഷനിലും ഡിവിഷനിലും ഗവൺമെൻറ സാങ്ഷൻ ലഭിക്കുന്നതിലും വരുന്ന താമസം എല്ലാംകൂടിയാകുമ്പോൾ ജോലികൾ പലതും ലാപ്സായതുതന്നെ. ഗവൺമെൻറ സവിശേഷമായി ശ്രദ്ധിക്കുവാനുള്ള ഒരു സംഗതി എസ്റ്റിമേററിൽ അനുവദിച്ചിട്ടുള്ള സംഖ്യകൾ ലാപ്സാകാതിരിക്കത്തക്കവണ്ണം ആ ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു നിഷ്കർഷയായി ജോലിചെയ്യിപ്പിക്കണമെന്നുള്ളതാണ്. ഒരു പാലത്തിനോ ഒരു റോഡിനൊ കുറെ ഭൂമി ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ലാൻഡുറവന്യൂവും പൊതുമരാമത്തും വകുപ്പുകാർ, ജന്തുക്കൾ ഇഴയുന്നമാതിരി പ്രവർത്തിക്കാതെ, ഊർജിതമായ നടപടികൾ നടത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്. ചീഫ് എഞ്ചിനീയർ അവർകൾ ബഡ്ജററ കാലതാമസം കൂടാതെ അതാതു സബ് ഡിവിഷനൽ ആഫീസുകളിൽ എത്തിക്കാൻകൂടി നിർബന്ധം കാണിക്കണം. അങ്ങിനെ ചെയ്തതിനുശേഷം ൻ ഠ ദിവസത്തിനകം അവർ എസ്റ്റിമേററ തയാറാക്കി അയച്ചിട്ടില്ലെങ്കിൽ എന്റെ സ്നേഹിതൻ മി. ടി. സി. കേശവപിള്ള പറഞ്ഞമാതിരിയിൽ ചീഫ് എൻജിനീയർ കണ്ണുതുറക്കേണ്ടതുതന്നെയാണ്. ഡിവിഷനാഫീസറന്മാരും, സെക്ഷനാഫീസറന്മാരും മററു കീഴ്സിൽബന്ധികളും കാണിക്കുന്ന അജാഗ്രതകൾക്കും മററും ചീഫ് എഞ്ചിനീയർ അവർകൾ അനുഭാവരഹിതമായ കണ്ണുതുറക്കൽ നടത്തിയില്ലെങ്കിൽ സംഖ്യ ലാപ്സായിപ്പോകുമെന്നുള്ള പരമാർത്ഥം അദ്ദേഹം അറിഞ്ഞിരിക്കേണ്ടതാണ്.

MR. N. NARAYANA KURUP : ഗവണ്മെൻറാണ് എസ്റ്റിമേററിനെ സംബന്ധിച്ചിടത്തോളം താമസമുണ്ടാക്കുന്നതെന്നു മെമ്പർക്കറിയാമോ?

MR. K. R. NARAYANAN : എന്റെ അറിവ് ഡിവിഷനൽ ആഫീസിൽനിന്നും ചീഫ് എഞ്ചിനീയർ ആഫീസിലേക്കു എസ്റ്റിമേററ വന്നാൽ ഒരു പരിശോധന കഴിച്ചുശേഷം അവയെ രണ്ടാഴ്ചക്കുള്ളിൽ ഗവണ്മെൻറിലേയ്ക്കു അയയ്ക്കുകയും ഗവൺമെൻറ അതു ഫ ള ദിവസത്തിൽ കൂടുതൽ താമസിപ്പിക്കാതെ തിരിച്ചയക്കുന്നുവെന്നുമാണ്.

MR. N. NARAYANA KURUP : ചോദ്യം കേട്ടില്ല.

MR. K. H. NARAYANAN : അതു എസ്റ്റിമേററിന്റെ സാങ്ക്ഷനുവേണ്ടിയാണോ, അതോ മററുവല്ല സംഗതിക്കും വേണ്ടിയാണോ എന്നും നിശ്ചയമില്ല.

MR. M. RAMIAH PILLAI : Sir, in supporting this motion, I wish to bring to the notice of the department the hopeless and unsatisfactory condition of the roads in Nedumangad and Chirayinkil taluks. Sir, I do not think that too many words are necessary for the purpose. Anyone who has travelled along the byroads in Nedumangad and Chirayinkil will be able to bear witness to the unsatisfactory condition. I do not know whether it is the lack of allotments for the proper maintenance of the roads or whether it is due to the negligence of the P. W. D. that is responsible for the deplorable condition of our roads the fact is, sir, our roads are generally out of repair and I may specially mention the following roads as extremely unsatisfactory.

Nedumangad-Vempayam road.
Nedumangad-Shorlacode road.
Nedumangad-Kattakada road.
Nedumangad-Karuppur road.
Nedumangad-Venjaramood road *via* Panavur.
Nedumangad-Vattapara road *via* Kazhana
Nanniyur-Vidura road.

In 1115, I had a chance of accompanying the P. W. D. Advisory Board members when they were running about to inspect the roads in my constituency. The Convener of the board, honourable member Mr. Sivathanu Pillai, was quite convinced with the unsatisfactory condition of those roads. At that time when this matter was brought to the notice of the committee, the Board members were kind enough to assure me that they would do the needful. Sir, I am sorry to say that nothing was done up to this time. In this connection, I wish to invite your kind attention that before six years the Trivandrum-Shencotta road was in a very unsatisfactory condition, but that it is now kept and maintained in a very satisfactory condition because the Dewan passes along that way often. Sir if the department still shows lack of life and less interest to keep these roads in a satisfactory condition, I would pray and appeal to the Dewan president to find it convenient at least once in a way to pass along those byroads also so that the P. W. D would find it necessary to keep and maintain these byroads also fit to use. With these words, I support the motion.

MR. K. P. KOCHUKORA THARAKAN : പി. ഡബ്ളിയൂ ഡിപ്പാർട്ടുമെന്റു തിരുവിതാംകൂർ രാജ്യത്തു എന്നു തുടങ്ങിയോ അന്നുമുതൽ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന പണം അവർ ലാപ്സാക്കുന്ന ഒരു ഏർപ്പാടും തുടങ്ങി. പണം ലാപ്സാക്കുന്നതിന് വേണ്ടിത്തന്നെയാണു സംഖ്യകൾ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതെന്നു പോലും തോന്നത്തക്കവിധം ലാപ്സ് ആക്കുന്ന സംഖ്യ അത്രഭീമമാണ്. ഈ ഡിപ്പാ

ർട്ടുമെൻറിൽ മുൻപു ഒരു ചീഫ് എഞ്ചിനീയരെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ രണ്ടു ചീഫ് എഞ്ചിനീയറന്മാരുണ്ട്. അതുകൊണ്ടു ഈ തുകകൾ ലാപ്സാക്കാതെകഴിയ്ക്കാൻ കൂടുതൽ സൌകര്യവുംസമയവുംഅവക്കുണ്ട്. ഇപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യയെങ്കിലും ദയവുചെയ്തു ലാപ്സാകാതെ അതിനെ ഉപയോഗപ്പെടുത്തിയാൽ കൊള്ളാമെന്നാണ് എന്റെ അപേക്ഷ. ഇങ്ങനെ ലാപ്സാകുന്ന പക്ഷം മി നാരായണൻപറഞ്ഞതുപോലെ മി. ടി. സി. കേശവപിള്ളയുടെ അഭിപ്രായം തന്നെ സ്വീകരിക്കണം. ജോലികൾ ചെയ്യുന്നതിനു താമസം നേരിടുന്നതു ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും സ്ഥലം കൊടുക്കാനുള്ള താമസം കൊണ്ടാണെന്നാണ് പറയുന്നതു് മുഴുവൻ ശരിയല്ല.

MR. K. R. NARAYANAN : ഇതു സാധാരണയായി പി. ഡബ്ളിയു ഡി. ഉദ്യോഗസ്ഥന്മാർ പറയുന്ന ഒരു പതിവോ, അതോ മെമ്പർക്കു വല്ല അനുഭവവും ഉണ്ടോ?

MR. K. P. KOCHUKORATHARAKAN : പല സംഗതികളിലും എനിക്ക് അനുഭവമുണ്ട്. പെരുമ്പാവൂർ ചന്തക്ക് തെക്കുവശം ഒരു ഡാം കെട്ടുന്നതിനായി പണം അനുവദിച്ചു. എസ്റ്റിമേററും സാങ്ക്ഷനായി. സ്ഥലം പൊന്നും വിലയ്ക്കു എടുക്കേണ്ട യാതൊരാവശ്യവും അതിനില്ല. എന്നിട്ടും യാതൊരു ജോലികളും അതുവരെ തുടങ്ങിയിട്ടില്ല. പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിന്റെ എഫിഷ്യൻസി ഇങ്ങനെയാണിരിക്കുന്നതു്. അതുകൊണ്ട് എനിക്കു ബഹുമാനപ്പെട്ട ഗവമെണ്ടിനോടു പറയാനുള്ളതു് ആവശ്യമുള്ള തുക മാത്രമെ ബഡ്ജററിൽ കൊള്ളിക്കാവൂ എന്നും കൊള്ളിച്ചിട്ടുള്ള തുക മുഴുവനും പൊതുജനങ്ങളുടെ ആവശ്യത്തിനായി ചിലവാക്കുന്ന കാര്യത്തിൽ വേണ്ട നിഷ്ക്കർഷ പതിപ്പിക്കണമെന്നുമാണ്.

PRESIDENT: Order, order. The house will now adjourn and meet again at 2 O'clock.

The house adjourned for lunch at 1 P. M. and reassembled at 2 P. M.

NEW MEMBER.

Mr. E. G. Salter, Director of Transport, was sworn in.

MR. K. P. KOCHUKORATHARAKAN : ഇപ്പോൾ ഗവമെണ്ടു നിയമിച്ചിട്ടുള്ള രണ്ടു ചീഫ് എൻജനിയർമാരും നാട്ടുകാരാണ്. ഇങ്ങിനെ നാട്ടുകാരെത്തന്നെ ചീഫ് എൻജനീയർമാരായി നിയമിച്ചു പ്രോത്സാഹിപ്പിച്ചതിൽ ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ സന്തോഷമുണ്ട്. എന്നാൽ അവരെകൊണ്ടു ജോലി ചെയ്യിക്കുന്ന കാര്യത്തിൽ ഗവമെണ്ടു പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. അനുവദിച്ചിട്ടുള്ള പണം ലാപ്സാ

[Mr. K. P. Kochukora Tharakan]

ക്കി കളയാതിരിക്കാൻ അവരോടു പ്രത്യേകം ചട്ടംകെട്ടണം. അതുപോലെതന്നെ ചീഫ് എൻജനീയർമാരുടെ യാത്ര കേവലം ടി. എ. യ്ക്കു മാത്രമായിരിക്കരുത്. ജനങ്ങൾക്കാവശ്യമുള്ള റോഡുകൾ നന്നാക്കുന്നതിനും, പുത്തനായിട്ടു റോഡുകൾ ആവശ്യമുണ്ടെങ്കിൽ അവകൾ ഉണ്ടാക്കുന്നതിനും സൌകര്യമായ വിധത്തിൽ അവരെക്കൊണ്ടു യാത്ര ചെയ്യിക്കണം. പബ്ലിക്ക് വർക്ക്സ് അഡ്വൈസറി കമ്മിററിയുടെ നിർദ്ദേശമനുസരിച്ചു വരുന്ന ജോലികളെ സംബന്ധിച്ചിടത്തോളം ചീഫ് എൻജനീയരുടെ ശ്രദ്ധ വേണ്ടപ്രകാരത്തിൽ പതിയുകയും ആ ജോലികളുടെ ആവശ്യത്തെപ്പററിയും, അതിൻെറ ഗൌരവത്തെപ്പററിയും. ബോർഡിനെ ഉൽബോധിപ്പിക്കുവാനുള്ള അവസരം ചീഫ് എൻജനീയർക്കു ലഭിക്കുകയും ചെയ്യുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കികൊടുക്കുന്നതു നന്നായിരിക്കും. എൻെറ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഈ കൊല്ലത്തെ ബോർഡുകാരുടെ പ്രവർത്തനം ശരിയല്ലെന്നു പറയേണ്ടിവന്നതിൽ എനിയ്ക്കു മനഃസ്ഥാപമുണ്ട്. ആവശ്യമുള്ള റോഡുകൾ മറന്നിട്ടു ചിലരുടെ സ്വാർത്ഥത്തിനെ മുൻനിറുത്തിയാണ് റോഡുകൾ ശിപാർശ ചെയ്തിരിക്കുന്നതു എന്നുള്ള കഥ ഗവൺമെൻറും എൻജിനീയർ ഡിപ്പാർട്ടുമെൻറും ഒത്തു പ്രവർത്തിക്കേണ്ടതാണെന്നുകൂടെ അറിയിച്ചു കൊള്ളുന്നു.

MR. N. NARAYANA KURUP: Sir, I support the motion. It is true that the provisions made in the budget for 1116 have not been executed. We have to consider whether the reasons for the delay in the execution of the works can be attributed to the department alone or whether there is any other person also responsible for this delay. Sir, I may mention that the Government also are partly responsible for the delay in completing the works provided for in 1116. Before the end of Medom, when we ascertained the number of new works for which provision has been made in the budget for the Alwaye Division it was found that 50 items were sanctioned for 1116. About 28 items were pending with the Government at the end of Medom for administrative sanction. If this fact is true, even supposing that administrative sanction is given at the end of Medom, we have only three months for the expiry of the year. After getting administrative sanction the department has to invite tenders and take other action for the execution of the work. The period of three months is too short for the purpose. Therefore, Government are also partly responsible for the delay in the execution of the works. I am of opinion that the Land Revenue Department also is partly responsible for the delay. I will quote one particular instance, namely, Ariyad-Munro Light road. There was provision for the acquisitions of land. The Public Works Department had been corresponding with the Land Revenue Department to acquire

the land and surrender it. Unless the Land Acquisition proceedings are over and the land is surrendered to the Public Works Departments it will not be possible for them to begin the work. Till this moment I can boldly assert that the acquisition proceedings have not been taken and that the allotment is likely to lapse. Similarly, there is provision for the maintenance of ryots roads in several places in the State. Although the people have made the road and surrendered the land the Land Revenue Department has not been kind enough and quick enough to take up the land and surrender it to the P. W. D. Unless and until the P. W. D. gets possession of the land the roads cannot be taken up for maintenance. So that there is no use of complaining against the P. W. D. for delay in this matter. However, one thing can be certainly said against the department. In many cases the preparation of the estimate is delayed. As Mr. T. C. Kesava Pillai said, the Chief Engineer must issue strict orders to his subordinates who have to prepare the estimates as early as possible and submit them to the Head of the department so that he may ask for administrative sanction immediately. He may even prescribe a period within which the estimate is to be submitted to him. If any officer, whether the Exective Engineer or any other subordinate disobeys such direction, he shall be severely dealt with. Requesting the Government and the Land Revenue authority to do their part in this matter to help the Public Works Department to complete the work for which provisions are made in the budget of the respective year, I resume my seat.

MR. P. S. MUHAMED : ഞാൻ മെംബറായിരുന്ന കാലത്തു് ൧൧൧൯-ൽ ചിലവാക്കേണ്ട തുകയെപ്പററി ഗവണ്മെൻറിനെ മനസ്സിലാക്കാൻ സഹായിക്കയാണു് ചെയ്തതു്. പ്രത്യേക ഉദ്ദേശത്തോടുകൂടിയാണു് ഞങ്ങൾ രാജ്യത്തിൻെറ പല ഭാഗങ്ങളിലും സഞ്ചരിച്ചതു്. രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമുള്ള സ്ഥിതികൾ മനസ്സിലാക്കി. അഞ്ചുകൊല്ലത്തെക്കു ഡിപ്പാർട്ടുമെൻറിനു ജോലി ചെയ്യത്തക്കവണ്ണമുള്ള ഒരു സ്കീം ഉണ്ടാക്കി. അതിൻെറ ശുദ്ധ്യത്തെ പടിയായിട്ടാണു് ആ റിപ്പോർട്ടു ഞങ്ങൾ സമർപ്പിച്ചതു്. എൻെറ മാന്യസ്നേഹിതനും ആ ബോർഡിൽ ഒരു മെംബറായിരുന്നു.

MR. KOTTALIL P. ABRAHAM : ലോക്കൽ നീഡ്സ് അല്ലാതെ പൊതുവെയുള്ള കാര്യങ്ങൾ ഏതെല്ലാമാണെന്നു ഒന്നു രണ്ടു ഉദാഹരണങ്ങൾ പറയാമോ?

MR. P. S. MUHAMED : അതു പറയാം. ആലപ്പുഴ—ചങ്ങനാശ്ശേരി തോടും റോഡും തന്നെ എടുക്കാം. ഇവിടത്തെ കാർഷികോല്പന്നങ്ങളിൽ ഒരു വലിയ ഭാഗവും കയററുമതി ചെയ്യേണ്ടതു് ആലപ്പുഴ തുറമുഖത്തുകൂടിയാണു്. എന്നാൽ ശരിയായ ഗതാഗതസൌകര്യമില്ലാത്തതുകൊണ്ടു ഇപ്പോൾ ഇവയിലധികവും കൊച്ചി തുറമുഖംവഴിയാണു് അയക്കുന്നതു്. അതുകൊണ്ടു തിരുവിതാംകൂറിലെ ഏററവും പ്രധാനമായ ഒരു തുറമുഖം നാൾക്കുനാൾ ക്ഷയിച്ചുവരുന്നു.

MR. K. R. NARAYANAN : ആണ്ടുതോറും ആലപ്പുഴക്കുവേണ്ടി എന്തു ചിലവാക്കുന്നുണ്ടു്?

MR. P. S. MUHAMED : അവിടത്തെ ലോക്കൽ നീഡ്സിനു എന്തു ചിലവാക്കുന്നുണ്ടെന്നുള്ള സംഗതി ഞാൻ ഇവിടെ എടുത്തു പറയേണ്ട ആവശ്യമില്ല. ലോക്കൽ നീഡ്സ് അധികവും അവിടത്തെ മുനിസിപ്പാലിററിയാണു് നടത്തുന്നതു്. ഈ സംസ്ഥാനത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ ആവശ്യത്തിനുപകരിക്കുന്ന ആലപ്പുഴ പട്ടണത്തിലേക്കു ലോക്കൽ നീഡ്സിനത്തിൽ ചിലവാക്കുന്ന പണം രാജ്യത്തെ പൊതു ആവശ്യത്തിനായി ചിലവാക്കുന്നതായിട്ടു വേണം വിചാരിക്കാൻ.

MR. N. NARAYANA KURUP : അഖില തിരുവിതാംകൂർ പ്രാധാന്യമുള്ള റോഡുകളും പാലങ്ങളും പണിയിക്കേണ്ടതാണെന്നു സമിതി നിർ

[Mr. N. Narayana Kurup.]

ദ്ദേശിച്ചിട്ടുണ്ടോ എന്നും, അതിന വേണ്ട പണം വിനിയോഗിക്കണമെന്ന ഗവൺമെൻറിനോടാവശ്യപ്പെട്ടോ എന്നും, കഴിഞ്ഞയാണ്ടിൽ പൊതുമരാമത്തുവേലകൾക്ക എന്തു ചിലവായി എന്നും മെംബർ അന്വേഷിക്കയോ അറിയുകയോ ചെയ്തിട്ടുണ്ടോ?

MR. P. S. MUHAMED : ഇന്നത്തെ മെംബറന്മാരുടെ സേവനത്തെ വിഗണിക്കയാണ് ഞാൻ ചെയ്യുന്നതെന്ന ആരും തെററിദ്ധരിക്കരുത്. അഖിലതിരുവിതാംകൂർ പ്രാധാന്യമുള്ള സംഗതികൾ ഒരു വർഷംകൊണ്ടു ചെയ്തു തീക്കാൻ സാധിക്കുകയില്ല.

(At this time the President occupied the Chair.)

ഓരോ കൊല്ലവും ഇങ്ങിനെയുള്ള ജോലികൾ ചെയ്യുന്നതിന ഇത്രയിത്ര രൂപാവീതം ചിലവാക്കണമെന്നും, ഇത്രകൊല്ലംകൊണ്ടു ആ ജോലികൾ പൂർത്തിയാക്കണമെന്നും നിശ്ചയിച്ച ഒരു പദ്ധതി തയ്യാറാക്കി പൊതുമരാമത്തുകാരെക്കൊണ്ടു നടത്തിക്കാനുള്ള ഒരു ചുമതല ഈ സമിതിക്കുണ്ട്. അതിനെ ഞാൻ അവരെ അനുസ്മരിപ്പിക്കുന്നു എന്നേയുള്ളു. കുറെ നേരത്തെ ദിവാൻ പ്രസിഡൻറവർകളും ആ ചുമതലയെ അനുസ്മരിപ്പിച്ചു. കമ്മിററി മെംബർമാർ മീററിംഗിന ക്ഷണിക്കുമ്പോൾ മാത്രമേ പോകാറുള്ളു. അതുകൊണ്ടു ഉത്തരവാദിത്വമുള്ള ഡിപ്പാർട്ടുമെൻറു മേധാവികൾ ഇങ്ങിനെയുള്ള സ്കീം തയ്യാറാക്കി മെംബറന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന അവരുടെ സാങ്ക്ഷൻ വാങ്ങി നടപ്പിൽ വരുത്താൻ ശ്രമിക്കുമെന്നാണ എൻെറ അഭിപ്രായം. അങ്ങിനെ ഒരു നിശ്ചിതമായ നയം ഉണ്ടാകുന്നതുവരെ വലിയ സ്കീംമൊന്നും ശരിയായവിധത്തിൽ നടക്കുകയില്ല. അഞ്ചുലക്ഷം രൂപാ ചിലവാക്കി ഒരു പാലം പണിയണമെന്നിരിക്കട്ടെ. ഇക്കൊല്ലത്തിൽ മൂവായിരം രൂപാ ചിലവഴിക്കും. അടുത്ത കൊല്ലത്തിൽ ഒന്നും ചിലവാക്കുകയില്ല. അതിനടുത്തകൊല്ലമാകുമ്പോൾ ഈ മൂവായിരം രൂപാ ചിലവുചെയ്തതു ഉപയോഗശൂന്യമായിതീരും. അതുകൊണ്ടു ഒരിക്കൽ ചെയ്ത ജോലി പിന്നെയും ചെയ്യേണ്ടതായിവരും. ഇന്നത്തെ നയം തുടർന്നുകൊണ്ടു പോവുകയാണെങ്കിൽ ഇങ്ങിനെയുള്ള പല ദോഷങ്ങളുമുണ്ടാകും

MR. K. P. KOCHUKORA THARAKAN : ഇങ്ങിനെയുള്ള ജോലികൾക്ക് റോഡു ഡവലപ്പുമെൻറു ഫണ്ടില്ലേ?

MR. P. S. MUHAMED : മോട്ടോർ ഗതാഗതത്തിന അസൌകര്യമുള്ള റോഡുകളിൽ വേണ്ട സൌകര്യമുണ്ടാക്കുന്നതിനാണ് റോഡു ഡവലപ്പ

മെൻറ ഫണ്ടു വച്ചിരിക്കുന്നത്. അല്ലാതെ മലയുടെ മുകളിലോ ആറുകളുടെ കരകളിലോ ചെയ്യേണ്ട ജോലികളല്ല.

MR. K. P. KOCHUKORA THARAKAN : റോഡുബോർഡു വരുന്നതിനു മുൻപ് ഉൾപ്രദേശങ്ങളിലേക്കനുവദിച്ചിരുന്ന പണം മുഴുവനും ചൂഷണം ചെയ്യുകയായിരുന്നു പതിവ് എന്നു മെംബർക്കറിയാമോ?

MR. P. S. MUHAMED : ഞാൻ ചൂഷണമെന്നു ഉദ്ദേശിച്ചല്ല പറയുന്നത്. ആദായനികുതി കൊടുക്കുന്നതിൽ ഒന്നാമത്തെ സ്ഥാനം വഹിക്കുന്നതു ആലപ്പുഴയാണ്. അതുപോലെതന്നെ കസ്റ്റംസ് വരവിൽ ഒരു വലിയ സംഖ്യയും അവിടെനിന്നാണ് ലഭിക്കുന്നത്. ഇങ്ങിനെ കിട്ടുന്ന ആദായങ്ങളിൽനിന്നു വേണം രാജ്യത്തിൻെറ പൊതുക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിലേക്കുപയോഗപ്പെടുന്ന ജോലികൾ ചെയ്യാൻ. അല്ലാതെ കൃഷിക്കാരിൽ നിന്നും ലഭിക്കുന്ന എട്ടുകാശു ഭൂനികുതികൊണ്ടല്ല ഈ വക ജോലികൾ നിർവഹിക്കേണ്ടതു്. അധികം ആദായം ടൌണിൽ നിന്നും കിട്ടുന്നതുകൊണ്ടു ടൌണിൻെറ അഭിവൃദ്ധിക്കായി കൂടുതൽ സംഖ്യ ചിലവാക്കേണ്ടതാണ്. കൂടാതെ നാട്ടിൻപുറത്തുള്ള കാർഷികോല്പന്നസാധനങ്ങൾ വിററഴിക്കേണ്ടതും ടൌണിലാകയാൽ ടൌൺ അഭിവൃദ്ധിയിലിരിക്കേണ്ടത്യാവശ്യമാണ്.

MR. K. R. NARAYANAN : ഒരു ലക്ഷം രൂപാ അഡൈ്വസറി ബോർഡിനു കിട്ടുന്നുവെങ്കിൽ അതിൽ ഗ്രാമങ്ങൾക്കെത്ര നീക്കിവയ്ക്കണമെന്നും പട്ടണങ്ങൾക്കെത്ര നീക്കിവയ്ക്കണമെന്നും പറയാമോ?

MR. P S MUHAMED : അതു നോക്കി നീക്കിവയ്ക്കേണ്ടതു അഡൈ്വസറി ബോർഡിൻെറ ഒന്നാമത്തെ ചുമതലയാണ്. അതുതന്നെ ടൌണിൻെറ പ്രാധാന്യത്തെ കരുതി വീതിക്കയും അതിലേക്കു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻ സഹായിക്കയും വേണം.

MR. K. R. NARAYANAN : പട്ടണങ്ങളുടെ പ്രാധാന്യത്തെകരുതി വീതിക്കുമ്പോൾ അനേകായിരം ഗ്രാമങ്ങൾക്കു ഒരു പൈപോലും കിട്ടുകയില്ലെന്നു മെംബർക്കറിയാമോ?

MR. P. S. MUHAMED : ഗ്രാമങ്ങളിലും ടൌണുകളിലും ചെയ്യേണ്ട ജോലികളെ നോക്കി രണ്ടിനും പണം വീതിക്കാൻ സാധിക്കും. തിരുവിതാംകൂറിനു വെളിയിലുള്ള സ്ഥലങ്ങളിൽ അതു സാധിക്കുന്ന മററു രാജ്യങ്ങളിൽ സാധിക്കുമെങ്കിൽ വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്ന തിരുവിതാംകൂറിൽ അതു സാധിക്കാതെ വരികയില്ല. മുൻപ് ഇവിടെ

[Mr. P. S. Muhamed,]

സാധിച്ചിട്ടുണ്ട്; മേലാൽ സാധിക്കയും ചെയ്യും. ഒരു പദ്ധതി തയ്യാറാക്കണമെന്നു ഞാൻ പറഞ്ഞതു് താലൂക്കുതോറും ആണ്ടുതോറും കൊടുക്കുന്ന സംഖ്യ കൊടുക്കാതിരിക്കുന്നതിനാണെന്നു ആരും തെററിദ്ധരിക്കരുതു്. നമുക്കു് നല്ല പാലങ്ങളും വേണം, രാജ്യത്തിൻെറ ഒരററംമുതൽ മറെറ അററംവരെ റോഡുവേണം, നല്ല തുറമുഖംവേണം. ആലപ്പുഴ തുറമുഖം കോഴഞ്ചേരിയിൽ കൊണ്ടുപോയി സ്ഥാപിക്കാൻ സാധിക്കുകയില്ല. പ്രകൃതിസൌകര്യമനുസരിച്ചുവേണം നമുക്കാവശ്യമുള്ളതെല്ലാം ചെയ്യാൻ. ഗ്രാമവാസികൾക്കും വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ടു്. ഇതിലേക്കൊക്കെ ആയിട്ടാണു് ഒരു പഞ്ചവൽസരപദ്ധതി തയ്യാറാക്കണമെന്നു ഞാൻ പറഞ്ഞതു്. പഞ്ചവൽസരപദ്ധതി വേണമെന്നു ഞാൻ പറഞ്ഞതുകൊണ്ടു് ഒന്നോ രണ്ടോ കൊല്ലംകൊണ്ടു ചെയ്യാവുന്ന ലോക്കൽ നീഡ്സ് ഒന്നും ചെയ്യേണ്ടാ എന്നർത്ഥമില്ല.

ഈ സന്ദർഭത്തിൽ ആലപ്പുഴ—ചങ്ങനാശേരി ക്യനാലിനെപ്പററി എനിക്കൊന്നു ചൂണ്ടിക്കാണിക്കുവാനുണ്ടു്. ആലപ്പുഴ ഒരു പ്രധാന തുറമുഖമാണു്. അവിടം ഒരു കച്ചവടകേന്ദ്രമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവമെൻറ പ്രവൃത്തിച്ചുവരികയുമാണു്. ആ സ്ഥലത്തിൻെറ കച്ചവടപ്രാധാന്യം നശിക്കാതെയിരിക്കണമെങ്കിൽ ആലപ്പുഴ—ചങ്ങനാശേരിതോടും റോഡും എത്രയും എളുപ്പത്തിൽ പൂർത്തിയാക്കണം. ഹൈലാൻഡുമായിട്ടുള്ള ബന്ധം ആലപ്പുഴ പട്ടണത്തിനില്ലെങ്കിൽ അവിടെയുള്ള പ്രാഡ്യൂസ് ആലപ്പുഴ തുറമുഖത്തേക്കു കൊണ്ടുവരുവാൻ സാധിക്കാതെ വരികയും, അവ കൊച്ചീ തുറമുഖംവഴി അയക്കേണ്ടതായിവരികയും ചെയ്യും. ഇങ്ങനെ ആലപ്പുഴയ്ക്കുള്ള പ്രാധാന്യം അചിരേണ നാമാവശേഷമായിത്തീരാനും എളുപ്പമുണ്ടു്. അതുകൊണ്ടു് ഈ വിഷയത്തിൽ ഗവമെൻറിൻെറ ശ്രദ്ധ പതിയണമെന്നു അപേക്ഷിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN : സർ, എനിക്കു് ഈ ഉപക്ഷേപത്തോടു് പൂർണ്ണമായി യോജിക്കുവാൻ നിവൃത്തിയില്ല. ആലപ്പുഴപട്ടണം നന്നായിവരേണ്ടതു് എത്രയും ആവശ്യംതന്നെയാണു്. രണ്ടു കൊല്ലത്തേക്കു് പബ്ളിക്ക് വർക്ക്സിനായി കൊള്ളിച്ചിട്ടുള്ള മുഴുവൻ രൂപയും ആലപ്പുഴയിലേക്കോ കൊല്ലത്തേക്കോ ചെലവാക്കണമെന്നു പറയുന്നതിനോടു് യോജിക്കുവാൻ നിവൃത്തിയില്ല. ആലപ്പുഴക്കു പണമൊന്നും ചെലവാക്കിയില്ല എന്നുപറയുന്നതും ശരിയല്ല.

MR. P. S. MAHOMED: Sir, a word of personal explanation. I did not mention that nothing was spent at Alleppey.

MR. K. P. KOCHUKORA THARAKAN: പി. ഡബ്ലിയു. ഡി. അഡ്വൈസറിബോർഡിന്റെ അധികാരത്തിൽ ൫൭൦൦൦൦ ഉറുപ്പികയാണ് അനുവദിച്ചിട്ടുള്ളതു്. ഇതിനു പുറമെ ഒരു നല്ല സംഖ്യ മററാർക്കും ചെലവാക്കുവാൻ അധികാരമില്ലാത്തവിധത്തിൽ ഗവൺമെൻറധികാരത്തിൽ മാററിവച്ചിരിക്കുന്നു. പി. ഡബ്ലിയു. ഡി. അഡ്വൈസറി കമ്മററി പണം മുഴുവനും ആലപ്പുഴയിലെ ആവശ്യത്തിനായി വിനിയോഗിച്ചില്ലെന്നുള്ള പരാതിയാണ് മി: പി. എസ്. മഹമ്മദ് പറയുന്നതു്. ഉൾനാട്ടുകളിൽ നടക്കാൻ പോലും വഴിയില്ല. തോട്ടുകൾ നീന്തിയോ അല്ലെങ്കിൽ മി: ശിവതാണുപിള്ള പറഞ്ഞതുപോലെ തെങ്ങിൻ മുറികൾ വച്ചോ വേണം കടന്നുപോകുവാൻ. അവരുടെ കാര്യം നോക്കാൻ ആരുണ്ടു്? അഡ്വൈസറിബോർഡായാലും ഏതു ബോർഡായാലും ചില സ്വാർത്ഥന്മാരും പ്രാബല്യമുള്ളവരും ആയ ഏതാനും ആളുകളുടെ മുഖം നോക്കി പ്രവർത്തിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു്. അവർക്കു അത്യാവശ്യവും ഉപയോഗവുമുള്ള കാര്യങ്ങൾ അല്ല ശിപാർശചെയ്തിരിയ്ക്കുന്നതു എന്നു പറയാതെ നിവൃത്തിയില്ലെങ്കിലും, എന്റെ അഭിപ്രായത്തിൽ പബ്ലിക്ക് അഡ്വൈസറി ബോർഡുകൾ ഇപ്പോൾ വിഭജിച്ചിരിക്കുന്ന രീതി നന്നായിട്ടുണ്ടു്. എല്ലാ താലൂക്കിലെയ്ക്കും ഏകദേശമായി പണം വിഭജിച്ചിട്ടുണ്ടു്. ടൗണിലെ കാര്യംമാത്രം നോക്കിയാൽ മതിയോ? ആലപ്പുഴതോടിൽ ഫർലാങ്ങ്കണക്കിനു പാലങ്ങളുണ്ടു്. എന്നിട്ടും അവിടെ പാലങ്ങൾ പോരാ എന്നാണ് മി: മഹമ്മദിന്റെ പരാതി. പെരിയാററിലെ തെക്കെ കൈവഴിയ്ക്കു മാത്രം ഇപ്പോൾ ആലുവായിൽ ഒരു പാലമേ ഉള്ളു. അവിടെ വടക്കെ കൈവഴിയ്ക്കുകൂടെ പാലം പണിയിക്കേണ്ടതാണെന്നു പറയുവാൻ മി: മഹമ്മദിനു തോന്നിയില്ല. അവനവന്റെ ആവശ്യം നടക്കണം. ഇതാണ് എല്ലാവരുടേയും വിചാരം. അതു മററുള്ള ആളുകളെ ദൂഷണം ചെയ്തുകൊണ്ടു് വേണമെന്നു പറയുന്നതു ശരിയല്ല. അഡ്വൈസറിബോർഡുകാർ വിഭജിച്ച രീതിയെ എങ്ങനെയെങ്കിലും മാററണമെന്നുള്ള ആഗ്രഹത്തോടുകൂടി എടുത്തിട്ടുള്ള ഒരു പുതിയ സൂത്രമാണിതു്. ഞങ്ങളുടെ ക്രിസ്തീയ വേദത്തിൽ ഒരു കഥ പറയുന്നുണ്ടു്. ഹവ്വയെ പററിക്കാൻ പിശാചു ഒരു സൂത്രം ഉപയോഗിച്ചു. അതായതു ദൈവം ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചു് ഏദൻതോട്ടത്തിൽ ആക്കി അതിലുള്ള സകല വൃക്ഷങ്ങളിലെയും ഫലം

[Mr. K. P. Kochukora Tharakan]

തിന്നുന്നതിനു അനുവദിച്ചു. എന്നാൽ തോട്ടത്തിന്റെ നടുവിൽ നിന്നിരുന്ന നന്മ തിന്മകളുടെ വൃക്ഷത്തിൽ നിന്നു ഫലം തിന്നരുതു എന്നു ദൈവം കല്പിച്ചിരുന്നു. പിശാചുവന്നു ഹവ്വായോടു പറഞ്ഞു ഫലം പറിച്ചു തിന്നാൽ നിങ്ങളും ദൈവത്തെപ്പോലെയാകും. അതാണു അതു തിന്നരുതു എന്നു പറഞ്ഞിരിക്കുന്നതു. ഹവ്വാ പഴം പറിച്ചതിനു ദൈവം അവരെ ആ തോട്ടത്തിനു വെളിയിലാക്കി. അതുപോലെ ഒരു പുതിയ പഞ്ചവത്സരപദ്ധതിയുംകൊണ്ട് ഇപ്പോൾ വന്നിരിക്കുന്നു. ഇപ്പോഴത്തെ വിഭജനരീതി മാററണമെന്നു പറയുന്നു. അഡ്വൈസറിബോർഡുകാരെ കുററപ്പെടുത്തുന്നു.

MR. P. S. MUHAMMED : അവരെ കുററപ്പെടുത്തി ഞാൻ ഒന്നും പറഞ്ഞില്ലെന്നു മെംബർക്കു് അറിയാമോ?

MR. K. P. KOCHUKORA THARAKAN : അവർ പ്രാപ്തന്മാരല്ല എന്നു പറഞ്ഞു. അതു ശരിയല്ല.

MR. M. R. NARAYANA PILLAI : With the permission of the Chair I wish to bring to the notice of this House that at the entrance to this Chamber a "V" sign is put in a card board. Sir, I want to know the purpose of this?

PRESIDENT : The idea has found favour throughout the British Empire and beyond it that the letter "V" is a symbol of victory and of the determination to facilitate the victory for the Allies. This propaganda has been advocated by eminent individuals and, on that ground and in order that constant will of the people to achieve victory over the forces of Nazidom may be maintained the sign "V" is utilised That is the reason why the sign "V" is hung.

MR. K. P. KOCHUKORA THARAKAN : ഗവണ്മെൻറ് ഇപ്പോൾ എടുത്തിരിക്കുന്ന നയത്തിൽനിന്നും യാതൊരു വ്യത്യാസവും വരുത്തേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. ഒരു താലൂക്കിലേക്കു ചെലവാക്കുവാനായി ബോർഡുകാരെ ഏൽപ്പിച്ചിരിക്കുന്ന പണം ആ താലൂക്കിലേക്കു തന്നെ ചെലവാക്കണം. അല്ലാതെ ഏതാനും ചില മെംബറന്മാരെയോ അല്ലെങ്കിൽ മററു പൗരപ്രധാനികളേയോ തൃപ്തിപ്പെടുത്താനായിട്ടുള്ള പണികൾ നടത്താനല്ല നോക്കേണ്ടതു്. അതാതുനാട്ടിൽനിന്നും ഏതാനും ചിലരെക്കൂടി വിളിച്ചുവരുത്തി ഏതേതു പണികളാണ് ഉടനടി ചെയ്യേണ്ടതു എന്നു നോക്കി ആ പണികൾ വേണം നടത്താൻ. മററുള്ളവരുടെ സ്വാർത്ഥങ്ങൾ ഒന്നും നടക്കാതെ സൂക്ഷിക്കേണ്ടതാണ്.

MR. N. NARAYANA KURUP: Sir, I wish to make some observations on this motion. I am very sorry to note that the honourable member Mr. P. S Mahomed forgot the fact that the members of the Advisory Committee also are equally interested in the prosperity of the State by completing the roads and bridges of all Travancore importance. We also had made suggestions to the department and to the Government that all roads and bridges of all-Travancore importance should be taken up first as far as possible. But the times are such that the Government find also it difficult to make provisions for all the works which the honourable member claimed to be of all-Travancore importance. The non inclusion of such work was due to the inadequacy of the fund. Knowing this I wonder how could the honourable member level a charge against the Advisory Committee.

MR. P. S. MAHOMED: എന്റെ ചാർജെന്താണെന്നു പറയാമോ ?

MR. N. NARAYANA KURUP: The charge I understood was this. The committee did not suggest or find it convenient to make provisions for the construction of roads and bridges of all Travancore importance. If that is the allegation that is made by the honourable member I think my answer is quite relevant to the point and I have answered that satisfactorily and correctly. In supporting this motion I want to bring to the notice of this House the necessity of creating a Canal Sub Division for the water transport system. According to me, Sir, the administration of this boat service in the State is very very defective. There is no uniformity in the administration with regard to this boat service. It therefore causes very many difficulties to the department and to the owners of the boat service and also to the travelling public. As it is, this administrative control is entrusted to three different Public Works Divisions *viz.*, Kottayam, Alwaye and Quilon. We have three sets of officers for the administration of this Department. That is, the Executive Engineer, the Assistant Engineer, and the Canal Officer at Quilon, Kottayam and Alwaye. There is no uniformity in the matter of administration by the different officers. One Division Officer punishes the crew of a certain boat for over working and another Division Officer punishes the owner of the service for the same offence. There is no uniformity in giving out punishments even. During the first half of 1115 the Inspecting Officers condemned certain boats. There was a Government order that on a particular date the prohibition will be put in force. One of the Divisions brought it into force on the date fixed by the Chief Engineer, but another Division put it into force three or four days earlier without any notice to the owners. So much so, the Boats leaving on service from the former Division could not go back for the destination under the control of the latter Division.

So there is very great difficulty with regard to the administration of the boat service. All these facts show the necessity to create a separate Canal Division under an Executive Engineer who is given the power of inspecting the boats and the engines. This officer being a full time officer, specially appointed for the work, can inspect the hull

[Mr. N. Narayana Kurup.]

and the Engine and the inspection can be spread throughout the year, without infringing the rule that it shall be done within six months from the date of previous inspection as in the case of Bus Service and inspection.

There is another difficulty for the owners of the boats. The inspection should be conducted by the Work-shop Engineer and the Port Officer. That is the rule. These two officers should come together for the inspection. It is very often difficult to get them, every month for the inspection of the boats. Therefore in every half year for 30 days consecutively the inspection is going on at Alleppey or Quilon. For these 30 days there is dislocation of service. The travelling public are in difficulty. The owners of boats have to make the repairs and do the overhauling in 2 or 3 days in great hurry. All these can be avoided if a separate Canal Division is created with an Executive Engineer at the head of it who can be made responsible to the Chief Engineer. If his headquarters is at Alleppey, it will be very very convenient for the owners of the boats. This was the very thing suggested by the Redeemer Committee in their report also. Requesting the Government to consider about my suggestion, I support the motion.

MR. T. C. KESAVA PILLAI : പ്രത്യേകം ഒരു കനാൽ ആഫീസരെ നിയമിക്കുന്നതിനുപകരം ട്രാൻസ്പ്പോർട്ട ഡിപ്പാർട്ടുമെൻറുകാർ തന്നെ ഈ ബോട്ടുസർവീസ് ഏററുനടത്തിയാൽ മതിയാകുകയില്ലയോ?

MR. N. NARAYANA KURUP : അതിനെപ്പററി ഉടനെ മറുപടിപറയുവാൻ നിവൃത്തിയില്ല.

MR. T. C. KESAVA PILLAI : സമീപകാലത്തുതന്നെ അവർ ആ സർവീസുകൂടി എടുത്തു നടത്തിയാൽ പോരേ ?

MR. N. NARAYANA KURUP : വരാൻപോകുന്ന കാര്യത്തെക്കുറിച്ച് ഇപ്പോൾ ഒന്നും പറയുവാൻ നിവൃത്തിയില്ല.

MR. K. R. NARAYANAN : സർ, ബഹുമാനപ്പെട്ട മെംബർ മി: പി. എസ്. മഹമ്മദ് അഡൈ്വസറിബോർഡുകാരെക്കുറിച്ച് ചിലതെല്ലാം ഇവിടെ പറയുകയുണ്ടായി. അദ്ദേഹംകൂടി മെംബറായിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ എന്തു വ്യതിയാനമാണ് ഇപ്പോഴത്തെ ബോർഡുകാരുടെ പ്രവർത്തനത്തിലുള്ളതെന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു. പണം വിഭജിച്ചിട്ടുള്ളത് ഓരോ താലൂക്കിലെയും ജനസംഖ്യ, ആ താലൂക്കിൻെറ വരവ്, ആ താലൂക്കിൻെറ വിസ്തീർണ്ണം ഇവ ആസ്പദമാക്കിയാണ്. ഇതിൽ എന്താണു തെററ്. മി: പി. എസ്. മഹമ്മദ് ടൗണിൻെറ ആവശ്യത്തിലേക്ക് ഒരു പ്രത്യേകസംഖ്യ മാററിവയ്ക്കണമെന്നു അഭിപ്രായപ്പെടുന്നു. വളരെനാൾ ഒരു നഗരപതി

യായിരുന്ന മി: പി. എസ്. മഹമ്മദിന് അങ്ങനെ ഒരു നഗരപ്രണയം വരുന്നതു് തികച്ചും സ്വാഭാവികമാണ്. എങ്കിലും അദ്ദേഹം ഒന്നു മനസ്സിലാക്കണം. പി. ഡബ്ളിയു. ഡി. ചിലവാക്കുന്ന പണത്തിന്റെ സിംഹഭാഗവും പട്ടണങ്ങളിലാണ് പോകുന്നതു്. ഗ്രാമങ്ങളിലേക്കു ചെലവാക്കിവരുന്നതു് വളരെ തുച്ഛമാണ്. വല്ലതും കുറച്ചുകിട്ടുന്നതു ഈ ബോർഡിന്റെ ശേഷവുമാണ്. ഇക്കൊല്ലം പി. ഡബ്ളിയു. ഡി. അഡൈ്വസറി ബോർഡിനു വിഭജന നിർദ്ദേശത്തിനു കിട്ടിയ സംഖ്യ ൫,൪൧,൨൩൩൯ രൂപയാണ്. ഈ തുകയിൽ ചീഫ എൻജിനീയരുടെ സ്വന്തനിലയിൽ അടിയന്തിരാവശ്യങ്ങൾക്കു വിനിയോഗിക്കുവാനായി ൯൬,൨൦൦ രൂപ വിട്ടുകൊടുത്തിരിക്കുന്നു. ബാക്കിവരുന്ന ഒരുലക്ഷം രൂപയാണ് ബോർഡിനു വീതിക്കാനുള്ളതു്. ഈ തുക വച്ചുകൊണ്ടു് തിരുവിതാംകൂറിൽ സർവ്വപ്രാധാന്യമുള്ള കോഴഞ്ചേരിപ്പാലം, ആലപ്പുഴ—ചങ്ങനാശ്ശേരിറോഡ്, പൂന്തോട്ട—മുരിഞ്ഞപുഴ പാലങ്ങൾ, ദേവികുളം—കുമിളി റോഡ്, ഏ. വി. എം. ക്യനാൽ എന്നിങ്ങനെയുള്ള പണികൾ മാത്രം നടത്തണമെന്നുവച്ചാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ളതിന്റെ ൧൦ ഇരട്ടി പണം ഉണ്ടായിരുന്നാലും മതിയാകാതെ വരുന്നതാണ്. നേരെ മറിച്ച് ഗ്രാമങ്ങളിലെ ആവശ്യത്തിനാണെങ്കിൽ മുന്നൂറുരൂപ, നാന്നൂറു രൂപ, ആയിരം രൂപ എന്നിങ്ങനെ ചെറിയചെറിയ തുകകൾകൊണ്ടു് പല ജോലികൾ നടത്തുവാൻകഴിയും. മി: പി. എസ്. മഹമ്മദും ഞാനുംകൂടി അഡൈ്വസറിബോർഡു മെംബറായി സഞ്ചരിച്ചിട്ടുണ്ടു്. ആ അവസരങ്ങളിലെല്ലാം ഗ്രാമവാസികളിൽ ഓരോരുത്തരും വന്നു് ഞങ്ങൾക്കു് റോഡില്ല, കുടിക്കുവാൻ വെള്ളമില്ല എന്നെല്ലാം പറയുന്നതു് അദ്ദേഹവും കേട്ടിട്ടുണ്ടു്. അനുതാപപ്പെടുകയും അനുഭാവം കാണിക്കുകയും ചെയ്തിട്ടുണ്ടു്. ടൗണുകൾ നല്ലതായിരിക്കേണ്ടതു ആവശ്യം തന്നെയാണ്. ഗ്രാമങ്ങൾ ഓടകളായി സൂക്ഷിച്ചുകൊണ്ടു ടൗണുകൾ പൂന്തോട്ടങ്ങളാക്കിയതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല?

MR. A. K. KUMARAN VAIDYAN : പ്രധാനപ്പെട്ട ടൗണുകളെല്ലാം പരിരക്ഷിക്കുന്നതു മുനിസിപ്പാലിററികളല്ലേ ?

MR. K. R. NARAYANAN : എനിക്കു വലിയ പരിചയമൊന്നുമില്ല. എങ്കിലും മുനിസിപ്പാലിററി ചിലവാക്കുന്നതിൽ കൂടുതൽ പണം ടൗണുകൾക്കുവേണ്ടി ഗവൺമെൻറു ചെലവാക്കുന്നുണ്ടെന്നാണ് എന്റെ അറിവു്. മി: പി. എസ. മഹമ്മദിന്റെ പരാതി ടൗണിലേക്കു പഴയതുപോലെ പണം ഇപ്പോൾ അനുവദിച്ചുകിട്ടിയില്ലെന്നുള്ളതാണ്. ഗ്രാമങ്ങളെ അവഗണിച്ചുകൊണ്ടുള്ള മി: പി. എസ്. മഹമ്മദിന്റെപുറപ്പാട് ടൗണു

[Mr. K. R. Narayanan.]

കൾക്കു തന്നെ ദോഷകരമാണ്. മി: മഹമ്മദ് അദ്ദേഹത്തിന്റെ തെററ് ഇപ്പോൾ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. എന്നോടു ആരു് എപ്പോൾ ചോദിച്ചാലും ഗ്രാമങ്ങൾക്ക് വേണ്ടിടത്തോളം പണം വിനിയോഗിക്കുക, പട്ടണത്തെ മറക്കാതിരിക്കുക എന്നുതന്നെ ഞാൻ പറയും. ഉടനെ പണിതീർക്കേണ്ട പ്രധാനപ്പെട്ട റോഡുകളുടേയും പാലങ്ങളുടേയും ഒരു ലിസ്റ്റ് ബോർഡുകാർ ഗവണ്മെൻറിനെ ഏൽപ്പിച്ചിട്ടുണ്ട്. അരൂർ-മാലപുഴ, പൂത്തോട്ട – മുരിഞ്ഞപുഴ പാലാവും എത്രയോപ്രാവശ്യം കമ്മററിയുടെ അവഗാഢമായ ആലോചനയ്ക്കു വന്നിട്ടുണ്ടു. ഇപ്പോൾ പി. ഡബ്ലിയു. ഡിയിലേയ്ക്കു മാററിവെയ്ക്കുന്ന സംഖ്യയിൽ ഈ മാതിരിയുള്ള ഒരു ജോലിക്കു സംഖ്യ മാററിയാൽ പിന്നീടു മറെറാരു ജോലിക്ക് സംഖ്യയില്ല. അതുകൊണ്ടു് പട്ടണങ്ങളെന്നും ഗ്രാമങ്ങളെന്നും പറയാതെ തൽക്കാലം അത്യാവശ്യമുള്ള കാര്യങ്ങൾക്കുവേണ്ടി പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലെക്കും ഒരുപോലെ പണം വിഭജിക്കുന്നതായ ഒരു നയമാണ് ആവശ്യമായിരിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. പണം വിഭജനകാര്യത്തിൽ യാതൊരു തെററും ചെയ്തിട്ടില്ല. എല്ലാതാലൂക്കുകൾക്കും ആ താലൂക്കുകളിൽ പട്ടണമുണ്ടോ, കൂടുതൽ റോഡുണ്ടോ, എന്നൊന്നും പ്രത്യേകം പരിഗണിക്കാതെ, ആ താലൂക്കിനു മുകളിൽ വിവരിച്ച തത്വമനുസരിച്ചു അതു വിഭജിക്കുകയും, ആവശ്യങ്ങളുടെ പ്രധാന്യം നോക്കി ജോലികൾക്കു മുൻഗണന കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതാണ് കഴിഞ്ഞ രണ്ടു കൊല്ലം ബോർഡംഗീകരിച്ച നയം.

* MR. A. K. KUMARAN VAIDYAN : മി. മഹമ്മദ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ പി. ഡബ്ലിയു. ഡി. അഡൈ്വസറി ബോർഡിന്റെ പ്രവർത്തനം സാമാന്യം ന്യായമായ രീതിയിലാണെന്നു ഞാൻ ഇതിനുമുമ്പു പറഞ്ഞുകഴിഞ്ഞു. എങ്കിലും ഇപ്പോൾ ഈ പരാതി വന്നതു് പണം പോരാതെ വന്നതുകൊണ്ടാണോ അതോ മെംബറന്മാരുടെ ചുമതലക്കുറവുകൊണ്ടാണോ എന്നാണ് നോക്കുവാനുള്ളതു്. ബോർഡിലെ മെംബറന്മാർ അതാതു സ്ഥലങ്ങളിൽ സഞ്ചരിച്ച് ആവശ്യങ്ങൾ അറിഞ്ഞിരിക്കുന്നതുകൊണ്ടു് എന്റെ ബോധം ഗവണ്മെൻറിന് പണക്കുറവുകൊണ്ടാണ് ഈ പരാതി ഉണ്ടായിട്ടുള്ളതെന്നാകുന്നു.

പറവൂർ താലൂക്കിൽ കഴിഞ്ഞ കൊല്ലത്തെക്കാൾ പുതിയ ഒരു റോഡിനുള്ള പണവും ഈ കൊല്ലം കൊള്ളിച്ചിട്ടില്ല. ഈ റോഡുകൾ വളരെ പ്രാധാന്യമുള്ളതുകൊണ്ടും ഗതാഗതത്തിനു അത്യാവശ്യമായതുകൊ

ണ്ടം ആണ് ഞാൻ ഇതു പറയുന്നതു്. ഓരോ താലൂക്കിലുമുള്ള ആളുകളുടെ പ്രത്യേകം ചില നിർദ്ദേശങ്ങളനുസരിച്ച് പ്രവൃത്തിപദ്ധതി രൂപീകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ ചില കുഴപ്പങ്ങൾ ഉണ്ടായതെന്നല്ലാതെ ബോർഡിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഏതായാലും ഈ ബോർഡിന്റെ രണ്ടു കൊല്ലത്തെ പ്രവർത്തനംകൂടി കണ്ടിട്ട് പ്രയോജനമില്ലെന്നു കണ്ടാൽ മാത്രം ബോർഡിനെ പിരിച്ചുവിട്ടാൽ മതിയെന്നാണ് എന്റെ അഭിപ്രായം. നാട്ടിൻപുറങ്ങളിലെ അഭിവൃദ്ധിയോടുകൂടി പട്ടണങ്ങളും അഭിവൃദ്ധിപ്പെടുന്നതാണ്, അതുകൊണ്ട് നാട്ടിൻപുറങ്ങളിലേക്കു ആവശ്യമുള്ള പണികൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നുള്ളതിൽ രണ്ടുപക്ഷമില്ല. നാട്ടിൻപുറങ്ങളിലുള്ള സാധനങ്ങൾ ടൗണിൽ കൊണ്ടുവന്നു വിററാൽ മാത്രമേ ടൗണിലുള്ളവക്ക് സുഭിക്ഷമായി കഴിഞ്ഞുകൂടുവാൻ നിവൃത്തിയുള്ളു. അതുകൊണ്ടു് നാട്ടിൻപുറങ്ങളിലാണ് ഗതാഗത സൗകര്യം കൂടുതലായി ഉണ്ടാക്കിക്കൊടുക്കേണ്ടതു്. എങ്കിൽ മാത്രമേ അവിടെയുള്ള സാമാനങ്ങളെല്ലാം ടൗണിൽ കൊണ്ടുവരുന്നതിനു സൗകര്യമുണ്ടാകുകയുള്ളു.

കഴിഞ്ഞകൊല്ലം പറവൂർ താലൂക്കിൽ അനുവദിച്ച റോഡുകളെല്ലാം നിർജ്ജീവാവസ്ഥയിൽ കിടക്കുന്നതേയുള്ളു. സർവേപോലും നടന്നിട്ടില്ല. ഞാനും മററു പലരുംകൂടി എക്സിക്യൂട്ടീവ് എൻജിനീയരെ കണ്ടു് സർവേ നടത്തിത്തരണമെന്നു പറയുകയും വേണ്ടതു ചെയ്യാമെന്നു അദ്ദേഹം ഏൽക്കുകയും ചെയ്തു. എന്നാൽ ഒന്നും ചെയ്തില്ല. കുന്നത്തുവയിൽനിന്നും ആറുമൈൽ ദൂരം പോകണം ആലുവായിൽ ചെല്ലാൻ. അതു നിലങ്ങളുടെ വരമ്പത്തുകൂടി പോകുകയും വേണം. അനേകായിരം ആളുകൾ ആ വഴിയെ നടന്നുപോകുന്നു. വർഷകാലത്തു വെള്ളം നിമിത്തം ആ റോഡേ പോകാൻ വളരെ പ്രയാസമുണ്ട്. ആ റോഡിനെ സംബന്ധിച്ച അന്നത്തെ പി. ഡബ്ളിയു. ഡി. അഡൈ്വസറി ബോർഡുകാർ ഗവർമെന്റിലേക്കു ശുപാർശ ചെയ്കയും ഗവർമെന്റ് അതു സ്വീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മെംബർ മി. കെ. പി. എബ്രഹാം റിലീഫ് വക്കിനായി ഈ റോഡിന്റെ പണി എടുക്കണമെന്നു പറഞ്ഞപ്പോൾ ചീഫ് സെക്രട്ടറി അവർകൾ അങ്ങനെ ചെയ്യാമെന്നു പറയുകയും ചെയ്തു. എന്നാൽ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. ഇതുപോലെ പറവൂർ-കുര്യാപ്പള്ളി റോഡിൽനിന്നും മുനമ്പത്തേക്കു ഒരു റോഡുണ്ട്. അഡൈ്വസറി ബോർഡുകാർ ആ റോഡു കണ്ടിരുന്നുവെങ്കിൽ നിശ്ചയമായും അതിനുള്ള പണംകൂടി ബഡ്ജററിൽ കൊള്ളിക്കുമായിരുന്നു. ആ

[Mr. A. K. Kumaran Vaidyan.]

റോഡിൽ മൂന്നു നാലു ദിക്കുകൾ ഒഴിച്ച് കഴുത്തുവരെ വെള്ളമുള്ള സ്ഥലങ്ങളുണ്ട് അതിന്റെ പണിയും ഉടനെ നടത്തേണ്ടതു് അത്യാവശ്യമാണ്.

ഓരോ താലൂക്കുകാരും അവരവരുടെ ആവശ്യങ്ങൾ മാത്രമേ പറയുന്നുള്ളൂ എന്നു ചിലർ ഇവിടെ പറയുകയുണ്ടായി. അതാതു താലൂക്കുകളിൽനിന്നും രണ്ടും മൂന്നും മെംബറന്മാരെ ഇവിടേക്കു തിരഞ്ഞെടുക്കുവാൻ ഗവർമ്മെന്റു അനുവദിച്ചിരിക്കുന്നതു തന്നെ താലൂക്കുകളുടെ ആവശ്യങ്ങൾ നിറവേറുന്നതിനാണ്. അതുകൊണ്ട് മെംബറന്മാർ അവരവരുടെ താലൂക്കാവശ്യങ്ങളെപ്പറ്റി പറയുന്നതിൽ തെറ്റില്ലെന്നാണെന്റെ അഭിപ്രായം. ഇപ്പറഞ്ഞ കാര്യങ്ങളിൽ ചീഫ് എൻജനീയരുടെ ശ്രദ്ധപതിയണമെന്നും അഡ്വൈസറി ബോർഡുകാർക്ക് ഗവർമ്മെന്റിൽനിന്നും ഒന്നുകൂടി ഉപദേശം കൊടുത്തു അവരെക്കൊണ്ടു കൂടുതൽ പ്രവർത്തിപ്പിക്കണമെന്നും പറഞ്ഞുകൊണ്ട് ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. M. SIVATHANU PILLAI : Sir, I would never have taken part in this debate but for certain remarks made by Mr. Kumaran Vaidiyan in the course of the debate about the Advisory Board. As I happen to be one of the members of the Board it is necessary for me to clear these misapprehensions. He appears to have made the remarks in relation to the works advised in respect of the Parur Taluk.

MR. A. K. KUMARAN VAIDYAN : മെമ്പർ, അഡ്വൈസറി ബോർഡു മെമ്പർ എന്നുള്ള നിലക്കു അവിടെ വന്നിട്ടുണ്ടോ?

MR. M. SIVATHANU PILLAI : എന്റെ മാന്യസ്നേഹിതന്മാർ അവിടെ പോയിട്ടുവന്നതിനു ശേഷമുള്ള റിപ്പോർട്ടുകൾ കാണാൻ ഇടയായിട്ടുണ്ട്.

In relation to the Parur Taluk he remarked that the works advised by the Committee last year were not provided for in the Budget this year. That happened this way. As I said at the outset our duty is only to give the advice. Perhaps what was allotted in the previous year may not have been sufficient so that this year funds for the taluk will only be sufficient for those incomplete works.

MR. S. CHATTANATHA KARAYALAR : I rise to a point of order. Is it open to members to refer to proceedings when the report of such proceedings has not been placed before the Assembly?

PRESIDENT : It is not open.

MR. M. SIVATHANU PILLAI: am not referring to the actual proceedings of the Advisory Committee. I am only referring to the member's remarks, about the omission committee's advice.

The executive portion of the work devolves upon the department. If for some reason or other the works are not carried out, members of the Board are not to be blamed. The members of the Board are only concerned with the distribution of the allotments properly on a taluk war basis. This is something like what the Allies found when they had to fight against the Germans. They used to trot out the prisoners taken from the Allies before their armies so that they will not be fired

upon. The department is similarly troting the members of the Board in front of them so that the department may not be shot by the members of the Assembly. (Laughter.) We advised the department to our best. There may be circumstances because of which the departmental officers may not be able to take up the works recommended for wand of funds.

PRESIDENT: Order, order. The time allotted for the demand is over. Mr. P. S. Mahomed, do you press your motion.

MR. P. S. MAHOMED: I do not press it.

The following motions were not moved for want of time.

MR. P. V. MATHAI CHEMPARATHY:

18. To reduce the total allotment of Rs. 33,419 for Direction by Re. 1.

MR. P. V. MATHAI CHEMPARATHY:

19. To reduce the total allotment of Rs. 33,419 for Direction by Re. 1.

MR. P. V. MATHAI CHEMPARATHY:

20. To reduce the allotment of Rs. 33,419 for Direction by Re. 1.

MR. P. V. MATHAI CHEMPARATHY:

21. To reduce the allotment of Rs. 33,419 for Direction by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:

22. To reduce the allotment of Rs. 33,419 for Direction by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:

23. To reduce the allotment of Rs. 33,419 for Direction by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:

24. To reduce the allotment of Rs. 33,419 for Direction by Re. 1.

*MR. A K. KUMARAN VAIDYAN:

25. To reduce the allotment of Rs. 40,600 for Direction by Re. 1.

*MR. KAVIYOOR K. K. KOCHUKUNJU:

26. To reduce the allotment of Rs. 40,600 for Direction by Re. 1.

*MR. N. NARAYANA KURUP:

27. To reduce the allotment of Rs. 40,600 for direction by Rs 5.

*MR. N. NARAYANA KURUP:

28. To reduce the allotment of Rs. 40,600 for Direction by Rs. 10.

*MR. N. NARAYANA KURUP:

29. To reduce the allotment of Rs. 40,600 for Direction by Rs. 5.

CIVIL WORKS AND MISCELLANEOUS PUBLIC IMPROVEMENTS.

EXECUTIVE—*Establishment.*

Motions for reduction of total grant.

MR. P. S. MUHAMED:

30. To reduce the allotment of Rs. 2,72,241 for Executive Establishment by Re. 1

*MR. N. NARAYANA KURUP:

31. To reduce the allotment of Rs. 3,08,684 for Executive Establishment by Rs. 10

CIVIL WORKS AND MISCELLANEOUS PUBLIC IMPROVEMENTS—

(c) *Advisory Board.*

MR. KOTTALIL P. ABRAHAM:

32. To reduce the allotment of Rs. 3,750 for Advisory Board by Re. 1.

MR. P. S. MUHAMED:

33. To reduce the total allotment of Rs. 3,750 for Advisory Board by Re. 1.

CIVIL WORKS AND MISCELLANEOUS PUBLIC IMPROVEMENTS—
(d) WORKS—(2) REPAIRS AND MAINTENANCE.

MR. K. DOMINIC JOSEPH:

34. To reduce the allotment of Rs. 11,39,813 for communications by Re. 1.

MR. KOTTALIL P. ABRAHAM:

35. To reduce the allotment of Rs. 11,39,813 for communications by Re. 1.

The motion was by leave withdrawn.

Motions for reduction of total grant.

MR. P. S. MAHOMED:

36. To reduce the allotment of Rs. 20,26,941 for works by Re. 1.

MR. P. V. MATHAI CHEMPARATHY:

37. To reduce the allotment of Rs. 20,26,941 for works by Re 1.

MR. P. V. MATHAI CHEMPARATHY:

38. To reduce the allotment of Rs. 20,26,941 for works by Re. 1.

MR. N. NARAYANA KURUP:

39. To reduce the allotment of Rs. 21,08,787 for Works by Rs. 10.

MR. N. NARAYANA KURUP;

40. To reduce the allotment of Rs. 21,08,787 for works by Rs. 10.

MR. N. NARAYANA KURUP;

41. To reduce the allotment of Rs. 21,08,787 for works by Rs. 10.

CIVIL WORKS AND MISCELLANEOUS PUBLIC
IMPROVEMENTS (*f*) SUSPENSE.

MR. P. S. MAHOMED:

42 To reduce the allotment of Rs. 75,000 for suspense by Re. 1.

Motions for reduction of total grant.

MR. N. VELU ACHARY:

43. To reduce the allotment of Rs. 24,49,001 for Civil Works and Miscellaneous Public Improvements by Re. 1.

MR. A. K. KUMARAN VAIDYAN.

44. To reduce the allotment of Rs. 24,49,001 for Civil Works and Miscellaneous public Improvements by Re. 1.

MR. K. P. KOCHUKORA THARAKAN:

45. To reduce the allotment of Rs. 24,49,001 for Civil Works and Miscellaneous Public Improvements by Re. 1.

37—WATER SUPPLY AND DRAINAGE.

B. ALLEPPEY WATER WORKS.

Motions for reduction of total grant.

MR. P. S. MAHOMED:

46. To reduce the allotment of Rs. 23,300 for Alleppey Water Works by Re. 1.

47. CAPITAL OUTLAY ON WATER SUPPLY SCHEME.

MR. K. KUNJU PANICKAR:

47 To reduce the allotment of Rs. 12,000 for Kottayam Water Supply Scheme—Investigation by Re. 1.

MR. K. DOMINIC JOSEPH:

48. To reduce the allotment of Rs. 13,000 for Kottayam Water Supply scheme Investigation by Re. 1.

Motions for reduction of total grant.

MR. P. KUNJUKRISHNAN:

49. To reduce the allotment of Rs. 4,38,900 for capital outlay on water supply schemes by Re. 1.

MR. P. KUNJUKRISHNAN:

50. To reduce the allotment of Rs. 4,38,900 for capital outlay on water supply schemes by Re. 1.

48. CAPITAL OUTLAY ON DRAINAGE SCHEME.

MR. PULIYOOR T. P. VELAYUDHAN PILLAI:

58. To reduce the allotment of Rs. 2,24,962 for Trivandrum Drainage Scheme by Re. 1.

The question that a sum of Rs. 52,52,419 be granted under Demand VII—Public Works was then put and carried.

The grant was mde.

DEMAND VIII—ELECTRICITY AND TELEPHONE.

MR. K. P. PADMANABHA MENON: Sir, I rise to move for a grant not exceeding Rs. 23,22,578 under Demand VIII Electricity and Telephone.

Motion Nos. 1 to 4.

The following motions were not made.

(*A*) DIRECTION—*Allowances.*

MR. K. KUNJU PANICKAR:

1. To reduce the allotment of Rs. 612 for travelling allowance by Re. 1.

XXX-II. PALLIVASAL HYDRO ELECTRIC SCHEME

GROSS RECEIPTS AND WORKING EXPENSES—WORKING EXPENSES—

(*A*) DIRECTION—*Salaries.*

* MR. MURUKKUMPUZHA V. KUNJUKRISHNAN:

2. To reduce the allotment of Rs. 9,600 for salaries by Re. 1.

DIRECTION—*Establishment.*

MR. KAVIYOOR K. K. KOCHUKUNJU:

3. To reduce the allotment of Rs. 9,894 for establishment (permanent) under the Electrical Engineers Office by Re. 1.

DIRECTION—*Allowances.*

MR. PULIYOOR T. P. VELAYUDHAN PILLAI:

4. To reduce the allotment of Rs. 8,950 for travelling allowances by Re. 1.

Motion No. 5.

MR. P. V. MATHAI CHEMPARATHY: Sir, I rise to move the following motion.

To reduce the allotment of Rs. 3,19,027 for Pallivasal Hydro-Electric Scheme by Re. 1.

My object is to bring to the notice of the Government that the public of Thodupuzha require the extension of electricity from the Pallivasal Scheme. There are major and minor estates in that Taluk and almost all the Superintendents of these estates have told me that

[Mr. P. V. Mathai Chemparathy.]
they will take up a considerable quantity of electricity. The public of Thodupuzha also require it. With these observations I move this motion and I hope Government will consider this matter very sympathetically..

MR. VARKALA K. MADHAVAN: Sir, I support the motion. South of Quilon, there are important places like Attingal where electric supply has not yet come. We hoped that the Pallivasal scheme would be extended up to Trivandrum but if it is not possible to extend the supply up to Trivandrum, some temporary measures may be taken to supply cheap power to places like Kadakavur. I hope Government will consider this.

MR. K. P. PADMANABHA MENON: Sir, a programme of such extensions has now been prepared for the next ten years and I am glad to inform the House that the Government have approved of that programme. The scheme has already cost Government more than one and a half crores of rupees. For this reason before we take up any extension we have to be assured that such extension will give a return sufficient to cover the cost of its maintenance in addition to meeting the overhead charges.

PRESIDENT: The member will please raise his voice.

MR. K. P. PADMANABHA MENON: There is a very strong case for the extension of the supply to Trivandrum because there is a supply system here which is already well established and all that we need is to extend the lines. But there is considerable difficulty at present in getting the necessary materials for extending the line from Kundara to Trivandrum, so that Government consider that this extension should wait. We find from experience that as far as Trivandrum is concerned the present rate of supply for domestic consumption from the existing thermal system is not a serious handicap. We are now getting about Rs. 2½ lakhs a year from Trivandrum mostly from domestic consumers and street-lights.

With regard to Thodupuzha, a survey was prepared last year from which I find that the revenue that can be expected from Thodupuzha will not be more than four per cent. which I consider is not ample. So I propose now to extend the line up to Muvattupuzha and see how far it will be paying and when it is found to be self-supporting the line can be extended from Muvattupuzha to Thodupuzha so that the capital expenditure on the Thodupuzha line alone will not be very great, and the revenue that may be had from Thodupuzha may be sufficient to meet the overhead charges on this extension.

Similarly, I have worked out a programme of capital expenditure for the extension to Trivandrum and even further south. These works will probably come up for execution by the end of 1119 when conditions are expected to be normal.

Sir, after all, the electric supply is a commercial undertaking and the capital expenditure on each extension has to be decided on an adequate return that may be expected. We shall therefore be justified in

further commitments only if the financial aspect is satisfactory. In the case of lift irrigation, however, the supply of power may not be bringing in an adequate return. But the advantages that would result to the ryots from such an irrigation will outweigh the loss that Government might incur. A special committee has been appointed for the purpose and the scope of that committee's work is proposed to be extended.

MR. PULIYOOR T. P. VELAYUDHAN PILLAI: What is the jurisdiction of the committee that has been appointed recently?

PRESIDENT: That committee is only for the purpose of investigating the possibilities of lift irrigation.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know from the Electrical Engineer whether the possibilities of lift irrigation in Chengannur has been enquired into?

K. P. PADMANABHA MENON: No, Sir. The result of the investigations in Kunnathunad will form the basis for investigations in other taluks. The data that is gathered in the course of such investigation may be useful for deciding whether the extension of the supply of electricity to other taluks will be justified.

MR. P. SIVARAMA PILLAI: May I know whether electric power has been extended up to Palai?

MR. K. P. PADMANABHA MENON: No, Sir.

This was the subject of detailed investigation by the commercial section of the Electrical Department. It is found that under present conditions there are only one or two mills operating in that area which need power. The price of electric materials has increased by 50 to 60 per cent. on an average above the pre-war price level. The extension of the supply to Palai under these conditions with a limited demand will not be paying.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether the honourable member has received signed representations from respectable citizens of Chengannur for extending the electric power to that place?

MR. K. P. PADMANABHA MENON: Yes, Sir. But there is not a single application for lift irrigation purposes.

MR. PULIYOOR T. P. VELAYUDHAN PILLAI: How is it possible to ask for extension of power for lift irrigation without knowing whether the power supply will be extended at all?

MR. K. P. PADMANABHA MENON: There must be requisition for that purpose before the extension is taken up. It is not proposed to extend the supply merely for the requirements of domestic consumption.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know what has been done with regard to the representation for the supply of power for domestic purposes?

MR. K. P. PADMANABHA MENON: It is not possible for the department to extend the line just for the purpose of lighting some houses or a few streets. All those will not give an adequate return. Although

[Mr. K. P. Padmanabha Menon.]

I do concede that electricity is gradually becoming a necessity, it is not possible to supply it anywhere and everywhere without ensuring an adequate return for the additional capital investment.

PRESIDENT: The real trouble now is that the price of copper, iron materials, telephone instruments etc., has gone up. I do not know how many fold it has gone up and so far as telephone instruments are concerned, we cannot get them at all. Similar is the condition with regard to many electrical goods. These goods are produced in America and Sweden and to a lesser degree in Great Britain. Now, there is trouble in getting metallic goods. The cost of getting down is such that unless Government are satisfied that they can get a fairly good return it will be difficult for them to embark on these projects, just now.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether the honourable member has taken a survey of the houses which required power consumption in Chengannur?

MR. K. P. PADMANABHA MENON: Yes, Sir.

MR. P. V. MATHAI CHEMPARATHY: I do not press the motion and I beg leave of the House to withdraw it.

The motion was, by leave, withdrawn.

Motion No. 6.

***MR. T. P. VELAYUDHAN PILLAI**: Sir, I move :—

To reduce the allotment of Rs. 2,00,000 for the Trivandrum Telephone and Trunk Telephone by Re. 1.

My object is to discuss the necessity of opening a Public Call Office at Chengannur. During the last Budget session of the House, in answer to an interpellation the Chief Secretary on behalf of Government answered that a public call office would be opened at Chengannur in the near future. We have been expecting this for a long time and I am not aware of any step having been taken in this direction so far. Sir, from the answer given to an interpellation two days back it is seen that even in places where the number of calls during the past one year was only 15, or in some cases 27, and the total income derived therefrom was between Rs. 7 to Rs. 10, public call offices have been established.

MR. M. SIVATHANU PILLAI: May I ask the member, is it not a fact that such places are in the main trunk line where there is no necessity for incurring any extra expenditure towards the opening of such offices?

MR. T. P. VELAYUDHAN PILLAI: As for that matter, Perurkadai, a place not on the main line gets a call office. That is an instance in point. Further, the amount realised from that office was only nominal.

Hence, my demand is a most legitimate one in view of the many public offices and other institutions in Chengannur. I have already stated the number of institutions there in connection with another motion

and I do not propose to take up the time of the House by repeating them. Therefore, in consideration of the growing importance of Chengannur and in view of the existence of several Government institutions etc., it is only just and proper on my part, as a representative of that place, to request that Government may be pleased to take early steps for the establishment of a public call office at Chengannur. With these observations, I commend my motion for the acceptance of the House.

MR. K. P. KOCHUKORA THARAKAN : ഈ രാജ്യത്തിന്റെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ എല്ലാം പബ്ളിക്ക് കാൾ ആഫീസ് സ്ഥാപിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ അനുകൂലിക്കുന്നു. പെരുമ്പാവൂർ, പറവൂർ, മൂവാററുപുഴ ഈ സ്ഥലങ്ങളിൽ പബ്ളിക്കു കാൾ ആഫീസ് വയ്ക്കണമെന്നു കഴിഞ്ഞ തവണ ആവശ്യപ്പെട്ടപ്പോൾ അനുകൂലമായ ഒരു മറുപടിയാണ് കിട്ടിയത്. പെരുമ്പാവൂരിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ടു കോടതിയുണ്ട്. പറവൂരിൽ സെഷൻസ് കോടതിയുണ്ട്. ഈ സ്ഥലങ്ങളിൽ പബ്ളിക്ക് കാൾ ആഫീസ് വച്ചാൽ ഗവർമ്മെന്റിനു തന്നെ ഈ സ്ഥലവുമായിട്ട് ഇടപാടുകൾ നടത്താൻ സൌകര്യമുണ്ട്. കച്ചവടത്തിന്റെ പ്രാധാന്യവും ജനബാഹുല്യത്തിന്റെ കൂടുതലുംകൊണ്ട് പറവൂരും പെരുമ്പാവൂരും മൂവാററുപുഴയെ അപേക്ഷിച്ചു കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. ഗവർമ്മെന്റു ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നാണു എനിക്കു തോന്നുന്നതു. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവർമ്മെന്റും എലക്ട്രിക്കൽ എഞ്ചിനീയർ അവർകളും ഈ കാര്യത്തിൽ വേണ്ട ശ്രദ്ധപതിപ്പിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. M. SIVATHANU PILLAI : മെമ്പറുടെ അഭിപ്രായം ഗവർമ്മെന്റും കോടതികളുമായിട്ട് ടെലഫോൺമുഖാന്തിരം അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുന്നതിനു മാത്രമാണു പബ്ളിക്കുകാൾ ആഫീസു എന്നാണോ?

MR. K. P. KOCHUKORA THARAKAN : ഗവർമ്മെന്റിനും കോടതികൾക്കും മാത്രമായിട്ടല്ല.

MR. PADIYARA JOSEPH KUNJU : പെരുമ്പാവൂരിൽ ഒരു പബ്ളിക്കു കാൾ ആഫീസു തുറന്നാൽ ചിലവിനേക്കാൾ കൂടുതൽ വരവുണ്ടാകുമെന്നാണോ മെമ്പറുടെ അഭിപ്രായം?

MR. K. P. KOCHUKORA THARAKAN: നിശ്ചയമായും കൂടുതൽ വരവുണ്ടാകും.

MR. P. SIVARAMA PILLAI; Sir, following the example of my friend Mr. T. P. Velayudhan Pillai, I have very great pleasure to bring to the notice of Government the urgent need for a telephone call office in my constituency at Palai. The people of my constituency do not want any Division Cutcherry there nor do they want the shifting of a District court to that centre. No such claim has even been brought forward by the people there. Particularly when the power supply is handy, I request that the Electrical Engineer may extend the power supply and institute a public call office at Palai Of late, it is coming into prominence commercially.

MR. K. P. PADMANABHA MENON: I may inform the honourable member that the public call office is nearing completion there.

MR. P. SIVARAMA PILLAI: I am glad for that information.

MR. KAINIKKARA M. PADMANABHA PILLAI: Sir, I also wish to speak a few words on this motion. My idea is to bring home to the notice of Government the necessity for opening a public call office at Changanacherry. I am surprised to find that a telephone call office is nearing completion at Palai and that Government have not understood the necessity for opening a telephone call office at an important place like Changanacherry where the people have been demanding for it from a long time.

MR. P. SIVARAMA PILLAI: Is Changanacherry a more important place than Palai?

MR. KAINIKKARA M. PADMANABHA PILLAI: Certainly, hundred times more important. Sir, I feel it a disgrace to find that in a place where the phone is badly wanted, no attempt has been made to procure that convenience in spite of the urget demands of the people.

MR. M. SIVATHANU PILLAI: May I know, is Changanacherry more important than Chengannur?

MR. KAINIKKARA M. PADMANABHA PILLAI: Yes in many respects it is.

MR. P. SIVARAMA PILLAI: Is there any comparison between Palai and Changanacherry?

MR. KAINIKARA M. PADMANABHA PILLAI: Absolutely no comparison. Therefore, when I heard from the Electrical Engineer that a telephone call office is already nearing completion in Palai, I am feeling that my constituency has been insulted. From the commercial point of view, it occupies a central position in Travancore. Excepting for the fact that Kottayam is the seat of the Division headquarters and contains some important offices, even Kottayam is not as important as Changanacherry. Changanacherry is a great market place. From the view point of education, it has got one of the most important first grade colleges in the State and a number of other educational institutions such as High Schools and Training Schools both in English and Malayalam. This is the most important outlet for the hill produces from the High Ranges. When the Changanacherry-Alleppey canal and road are completed its importance would leap up. In every way, Changanacherry is a most important town in North Travancore and it is regrettable that the establishment of telephone call office has not been thought of at all.

Again, Sir, even in the matter of supply of electricity, the Electrical Engineer has left the line in the middle of the town. If only the Electrical Engineer had the generosity to extend the line for two or three furlongs more, the whole town would have been lighted instead of leaving it half in darkness.

PRESIDENT: Your point is that light has come only half way.

MR. KAINIKKARA M. PADMANABHA PILLAI: Yes, Sir. It has only made darkness visible.

MR. M. SIVATHANU PILLAI: It there not a municipality to look to lighting arrangements?

MR. KAINIKKARA M. PADMANABHA PILLAI: How can they get light without pillars, wires and connections. This kind of regardlessness and disrespect on the part of the Electrical Department needs looking into. Therefore, I request Government that electric connection may be extended to the extremity of the town and a public call office may be immediately opened,

MR. A. K. KUMARAN VAIDYAN: മി. ററി. പി. വേലായുധൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. അതായത് ഞാൻ കഴിഞ്ഞ കൊല്ലത്തിൽ ഈ അസംബ്ളി മുൻപാകെ, പറവൂർ അഞ്ചൽ ആഫീസിൽ ഒരു പബ്ളിക്ക് കാൾ ആഫീസ് സ്ഥാപിച്ചുകിട്ടണമെന്നു പറഞ്ഞപ്പോൾ അത് ഗവർമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാകുന്നു എന്നു മറുപടി കിട്ടി. അവിടെ ഇപ്പോൾ ഒരു മുനിസിപ്പാലിററി, ജില്ലാക്കോടതി, രജിസ്റ്റർകച്ചേരി, അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർ ആപ്പീസ് മുതലായ ആഫീസുകൾ ഉള്ള ഒരു സ്ഥലമാണ്. ഇങ്ങനെയുള്ള സ്ഥലത്തു ഒരു പബ്ളിക്ക് കാൾ ആഫീസു സ്ഥാപിച്ചാൽ അതു പൊതുജനങ്ങൾക്ക് വളരെ സൌകര്യപ്രദമായിരിക്കും. ഇന്നത്തെ വെള്ളപ്പൊക്കകാലത്ത് ജനങ്ങൾക്ക് ആലുവാവരെ പോയി കാര്യങ്ങൾ സാധിക്കുവാൻ പോലും യാതൊരു നിവൃത്തിയുമില്ലായിരുന്നു. അടുത്ത കാലത്തു പെരുവാരം ക്ഷേത്രത്തിൽ ആന വിരണ്ടിട്ടു അതിനെ കൊല്ലുന്നതിന് അനുവാദംവാങ്ങുവാൻ ആലുവായിൽ പോയാണു ഗവർമ്മെൻറിനെ അറിയിച്ചതു്. ആളുകൾ ആവശ്യങ്ങൾ പ്രമാണിച്ച് ആലുവായിൽ ചെന്നു ഫോൺ ചെയ്യേണ്ടതായി വരുന്നു. പബ്ളിക്കു കാൾആഫീസ് പറവൂർ വച്ചാൽ അവിടത്തെ ആളുകൾക്ക് ഇതുപോലെയുള്ള അവസരങ്ങളിൽ വളരെ ഉപകാരപ്രദമായിരിക്കും. അവിടെ വെള്ളപ്പൊക്കകാലത്തു ആളുകൾ ആലുവായിൽ ചെന്നാണു വിവരം ഗവർമ്മെൻറിനെ ധരിപ്പിച്ചതെന്നു ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു.

[Mr. A. K, Kumaran Vaidyan.]

ഇതുപോലുള്ള സന്ദർഭങ്ങളിൽ പല അവശതകളും കഷ്ടനഷ്ടങ്ങളും പറവൂർ താലൂക്കുകാർക്കു ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവർമ്മെൻറു കഴിയുന്നതും വേഗത്തിൽ പറവൂർ താലൂക്കിൽ ഒരു പബ്ലിക്ക് ഡാറം ആഫീസു സ്ഥാപിച്ചു തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. നിശ്ചയമായും ആലുവായിൽനിന്നും കിട്ടുന്നതിൽ കൂടുതൽ ആദായം ആ ഇനത്തിൽ കിട്ടുന്നതാണ്. ആലുവായിൽ ഉള്ള ജനങ്ങൾ അവിടത്തെ സ്ഥിരതാമസക്കാരല്ല. പറവൂർ സ്ഥിരതാമസക്കാരാണ് അധികം ഉള്ളതു.

PRESIDENT: The House will now rise and meet again the next day at the usual hour.

The House adjourned at 5 P. M.

V. S. ARUMUKHAM PILLAI,

Secretary to the Sri Mulam Assembly.